# സുവിശേഷ ധ്വനി

സുവിശേഷ സത്യങ്ങൾക്കായി നിലകൊള്ളുന്ന വൈ.എം.ഇ.എഫ്. ദ്വൈവാരിക

ഉൾപ്പേജുകളിൽ


| | |
|---|---|
| Pray for World Countries | 2 |
| വെമാരികൾ | 3 |
| വിശ്വാസി ആത്മഹത്യ ചെയ്യുമോ? | 4 |
| കവിത | 4 |
| ബൈബിൾ ക്വിസ് | 5 |
| ചിന്ത | 6 |


Suvisesha Dhwani Fortnightly Reg. No. RN. 29475/78 Vol. 36 Issue 49 17 ആഗസ്റ്റ് 2013 പുസ്തകം 36 ലക്കം 49 പേജ് 6

# പ്രതികൂല സാഹചര്യങ്ങളിലെ തീരുമാനം വിലപ്പെട്ടത്

## ● ജനറൽ വൈ.എം.ഇ.എഫ്. ഏകദിന സമ്മേളനം – നൂറോളം പേർ പങ്കെടുത്തു.

സണ്ണി തോമസ്,
തിരുവനന്തപുരം

**കോഴിക്കോട്:** പ്രതികൂല സാഹചര്യങ്ങളിൽ നാം എടുക്കുന്ന തീരുമാനങ്ങൾക്കു വളരെ വിലയുണ്ടെന്നു ഹാനോക്കിന്റെയും യോസേഫിന്റെയും ജീവിതപാഠങ്ങൾ ഉദ്ധരിച്ചുകൊണ്ട് ബ്രദർ സണ്ണി തോമസ് പറഞ്ഞു. ജനറൽ വൈ.എം.ഇ.എഫ്. മലബാർ ഡിവിഷന്റെ സഹകരണത്തോടെ കോഴിക്കോട് സഭാഹോളിൽ സംഘടിപ്പിച്ച സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഹാനോക്കിന്റെ കാലഘട്ടം വളരെ പ്രതികൂലമായിരുന്നു. അതിക്രമവും വഷളത്വവും സാർവ്വത്രികമായ ഒരു സാഹചര്യം. പാപത്തെ ജലപാനം പോലെ കാണുന്ന സാമൂഹിക സാഹചര്യം. സമൂഹത്തെ അത് ആകമാനം മലിനീകരിച്ചു കഴിഞ്ഞു. ആ കാലഘട്ടത്തിൽ ദൈവത്തോടു കൂടെ നടക്കുവാനുള്ള ഹാനോക്കിന്റെ തീരുമാനത്തിന്റെ വില നാം മനസ്സിലാക്കുന്നതിനും അപ്പുറമാണ്. (ഉല്പ. 5:23, 6:2,11,12)

ഹാനോക്കിനു തീരുമാനത്തിനു സഹായിച്ച ചില അനുകൂല ഘടകങ്ങൾ ഉണ്ടായിരുന്നു. ഒന്നാമത് ആദാമിൽ നിന്നു ലഭിച്ച മുന്നറിയിപ്പുകൾ. ആദാമിന്റെ സ്വഭാവിക മരണത്തിനു ഹാനോക്ക് സാക്ഷിയായിക്കാണണം; അതിന്റെ സ്വാധീനം. രണ്ടാമതായി 65-ാം വയസ്സിൽ തനിക്കുണ്ടായ മകൻ ഇത്തരത്തിലൊരു തീരുമാനമെടുക്കുവാൻ തനിക്കു പ്രേരകമായി കാണണം. ഞാൻ എന്റെ ഈ മകന് മാതൃകയാകും എന്ന ഒരു തീരുമാനം. നമ്മുടെ നല്ല തീരുമാനങ്ങൾ നമ്മുടെ മക്കൾക്കു മാതൃകയാകണം. അദ്ദേഹം പറഞ്ഞു.

ആദാം മുതൽ ഏഴാമനായ ഹാനോക്ക് ദൈവത്തോടു കൂടെ നടക്കുവാൻ തീരുമാനിച്ചു എന്നു മാത്രമല്ല, നല്ല ദൈവത്തെ സാക്ഷീകരിക്കുവാനും തീരുമാനിച്ചു (യൂദാ. 14,15). താൻ 300 വർഷം സാക്ഷിച്ചു കാണും. അതിന്റെ ആത്യന്തിക ഫലമായി നോഹയ്ക്കു യഹോവയുടെ കൃപ ലഭിച്ചു. നാം പാരമ്പര്യത്തിനു വലിയ പ്രാധാന്യം കൊടുക്കുന്നില്ലെങ്കിലും മുൻ തലമുറകളുടെ തീരുമാനത്തിന് അതിന്റേതായ പ്രാധാന്യമുണ്ടെന്നു സാന്ദർഭികമായി അദ്ദേഹം പറഞ്ഞു.

തുടർന്ന് യോസേഫിന്റെ തീരുമാനത്തോടുള്ള ബന്ധത്തിൽ രഹസ്യപാപത്തിന്റെ കെണിയിൽ നിന്നു രക്ഷപ്പെടുവാൻ കർത്തൃദാസൻ യുവാക്കളെ ഉദ്ബോധിപ്പിച്ചു.





മലബാർ ഡിവിഷൻ പ്രസിഡന്റ് പി.വി. ജേക്കബിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ്, പാലക്കാട് ജില്ലകളിൽ നിന്ന് നൂറോളം പേർ പങ്കെടുത്തു. അജു തോമസ്, കോഴിക്കോട് മർക്കോസിന്റെ സുവിശേഷത്തെ ആസ്പദമാക്കി ബൈബിൾ പ്രശ്നാവലി അവതരിപ്പിച്ചു; വിജയികൾക്ക് സമ്മേളനത്തിൽ വച്ചു തന്നെ സമ്മാനങ്ങൾ വിതരണം ചെയ്തു. മലബാർ ഡിവിഷൻ സെക്രട്ടറി ജിജു ജോർജ്ജ് സ്വാഗതവും ജനറൽ സെക്രട്ടറി ജേക്കബ് പി. മാത്യു നന്ദി അറിയിക്കയും, ജനറൽ വൈ.എം.ഇ.എഫ്. ന്റെ നേതൃത്വത്തിൽ ഇനിയും നടക്കേണ്ട ഏകദിനസമ്മേളനങ്ങളെക്കുറിച്ചും കുമളി യുവജന ക്യാമ്പിനെക്കുറിച്ചും ഓർമ്മിപ്പിക്കയും ചെയ്തു. ബ്രദർ പോൾ പി. സ്കറിയ സമ്മേളന ക്രമീകരണങ്ങൾക്കു നേതൃത്വം നൽകി.

# “ഞാൻ വാതില്ക്കൽ നിന്നു മുട്ടുന്നു”

സൈറസ് ബനഡിക്ട്,
ഗുജറാത്ത്

**വെ**ളിപ്പാട് പുസ്തകത്തിൽ ലവോദിക്യ സഭയുടെ ദൂതനുള്ള എഴുത്തിൽ ഉള്ള ഒരു വാചകം ആണ് ശീർഷകം ആയി നല്കിയിരിക്കുന്നത്. (വെളി. 3:20). ഏകദേശം പതിനൊന്ന് കാര്യങ്ങൾ ആ വാചകത്തിൽ നിന്ന് നമുക്ക് ചിന്തിക്കാം.

**1.** ഒരു മനുഷ്യന്റെ ഉള്ളിലേക്ക് പ്രവേശനം കാത്തു നില്ക്കുന്ന ക്രിസ്തുവിന്റെ ചിത്രമാണിത്. അവൻ വാതില്ക്കൽ നില്ക്കുന്നു. എന്നാൽ വാതില്ക്കൽ കേവലം ക്രിസ്തു മാത്രം അല്ല ഉള്ളത്, പാപവും ഉണ്ട്. ഉല്പ. 4:7 ൽ വായിക്കുന്നു: “പാപം വാതില്ക്കൽ കിടക്കുന്നു. അതിന്റെ ആഗ്രഹം നിങ്കലേക്ക് ആകുന്നു.” യിസ്രായേലിന്റെ മുമ്പിലും ഈ നിലയിൽ ദൈവം വച്ചിരുന്നതായി കാണാം (ആവ. 30:15). ജീവനും ഗുണവും, മരണവും ദോഷവും ഇതിലേത് തിരഞ്ഞെടുക്കും എന്നതിനെ ആശ്രയിച്ചാണ് ഭാവിയിലെ നന്മയും തിന്മയും നിലകൊള്ളുന്നത്.

വാതില്ക്കൽ ക്രിസ്തു, പാപം, മരണം, ജീവൻ, ഗുണം, ദോഷം എന്നിങ്ങനെ തരം തിരിച്ച് തന്നെ ദൈവം മനുഷ്യന്റെ മുമ്പിൽ വെച്ചിരിക്കുന്നു. അവയുടെ മേൽ എന്തെങ്കിലും ആവരണം ഇട്ട് മൂടിയ ശേഷം ഏതെങ്കിലും ഒന്ന് തിരഞ്ഞെടുക്കാനല്ല പറയുന്നത്. അത് മനുഷ്യന്റെ സ്വാതന്ത്ര്യത്തെ ഹനിക്കയും അടിച്ചേല്പിക്കയും ആകും. പിന്നെയൊ നഗ്നമാക്കി തന്നെ മനുഷ്യന്റെ മുമ്പിൽ വച്ചിരിക്കയാണ്. മനുഷ്യൻ തെറ്റിൽ അകപ്പെട്ടു നടക്കുകയാണെങ്കിൽ അവർ തന്നെയാണ് അതിന്റെ ഉത്തരവാദി. അവർ തിരഞ്ഞെടുത്തതിനനുസരിച്ചാണ് അവന് ലഭിച്ചിരിക്കുന്നത്.

**പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ ന്യായം നമ്മുടെ ഭാഗത്താണോ അല്ലയൊ എന്നുള്ളതല്ല പ്രശ്നം ഒത്തു തീർക്കാൻ നാം ഏറ്റവും ആദ്യം മുൻകൈ എടുക്കുന്നുണ്ടൊ എന്നതാണ് വിഷയം. പലപ്പോഴും എതിർ കക്ഷിക്ക് മാനസാന്തരം ഉണ്ടൊ, അവർ വിളിക്കുന്നുണ്ടൊ എന്നൊക്കെയാണ് നാം നോക്കുന്നത്.**

എന്നാൽ വിശ്വാസിയായ ഒരുവൻ ആത്മികമായി തണുത്ത് മരവിച്ചാൽ, ഹൃദയവാതിൽ അടഞ്ഞ അവസ്ഥയിലായാൽ ദൈവം അവിടെ വലിച്ചു തുറക്കുയല്ല ചെയ്യുന്നത് പ്രത്യുത മന്ദമായി മുട്ടുകയാണ്. ഉത്തമഗീതത്തിലും (5:2) ഇതിന്റെ ശ്രേഷ്ഠമായ ഉദാഹരണം കാണാം. ഉറങ്ങുന്ന വിശ്വാസിയുടെ വാതില്ക്കൽ നിന്ന് മുട്ടുകയും ഇമ്പമായ പദങ്ങൾ ഉപയോഗിച്ച് അവൻ ആരുടെതെന്ന ബോധ്യം അവന് വരുത്തുകയും ചെയ്യുന്നു. ചുരുക്കിപ്പറഞ്ഞാൽ പരാജയപ്പെട്ട, തണുത്തുറഞ്ഞിരിക്കുന്ന, പിന്മാറ്റത്തിലായിരിക്കുന്ന വിശ്വാസിയോടുള്ള ദൈവിക കരുതലിന്റെ വ്യക്തമായ ചിത്രം ആണ് ഈ വചനം.

**2.** അപ്പൊ. 16-ൽ ലുദിയായുടെ ഹൃദയം തുറന്നതായാണ് വായിക്കുന്നത്. എന്നാൽ ഇവിടെ മുട്ടുകയാണ്. ഇത് വലിയ ഒരു ആത്മിക സത്യത്തെ കാണിക്കുന്നു. അവിശ്വാസികളുടെ ഹൃദയം എത്ര ശക്തമായി അടച്ചിരുന്നാലും നിത്യ ജീവനായി അവരെ നിയമിച്ചിട്ടുണ്ടെങ്കിൽ സുവിശേഷത്തിലൂടെ അവരുടെ ഹൃദയത്തെ ദൈവം വലിച്ചു തുറക്കുക തന്നെ ചെയ്യും.

**3.** ഇവിടെ അകന്നു പോയത് വിശ്വാസിയാണ്. അവനാണ് ആദ്യസ്നേഹം വിട്ടു കളഞ്ഞത്. തന്നെ വിട്ടുപോകത്തക്ക നിലയിൽ തന്റെ മക്കളോട് ദ്രോഹം ചെയ്യുന്നവനല്ല ക്രിസ്തു. അവനെ ആരെങ്കിലും വിട്ടുപോകുന്നുണ്ടെങ്കിൽ പ്രശ്നം അവരുടെത് തന്നെയാണ്. എന്നാൽ ഇവിടെ ചിന്തിക്കത്തക്കതായ കാര്യം പ്രശ്ന പരിഹാരത്തിന് ആരാണ് മുൻകൈ എടുക്കുന്നത് എന്നുള്ളതാണ്. ക്രിസ്തു തന്നെ മുൻകൈ എടുത്ത് അവന്റെ ഹൃദയവാതിലിൽ മുട്ടി വിളിക്കുന്നു. ക്രിസ്തുവിൽ നിന്ന് നമുക്ക് ലഭിക്കേണ്ട മഹത്തായ ഒരു സ്വഭാവ ശ്രേഷ്ഠത ആണത്. പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ ന്യായം നമ്മുടെ ഭാഗത്താണോ അല്ലയൊ എന്നുള്ളതല്ല പ്രശ്നം ഒത്തു തീർക്കാൻ നാം ഏറ്റവും ആദ്യം മുൻകൈ എടുക്കുന്നുണ്ടൊ എന്നതാണ് വിഷയം. പലപ്പോഴും എതിർ കക്ഷിക്ക് മാനസാന്തരം ഉണ്ടൊ, അവർ വിളിക്കുന്നുണ്ടൊ എന്നൊക്കെയാണ് നാം നോക്കുന്നത്. ക്രിസ്തു കാണിച്ച മാതൃക അതല്ല.

**4.** മുട്ടുന്നത് എപ്പോഴും പ്രതീക്ഷയെ കാണിക്കുന്നതാണ്. തുറക്കും എന്ന പ്രതീക്ഷയിൽ തന്നെയാണ് പിന്മാറ്റത്തിൽ ഇരിക്കുന്ന വിശ്വാസിയുടെ ഹൃദയവാതിലിൽ കർത്താവ് മുട്ടുന്നത്. നാം മുട്ടിയപ്പോഴൊക്കെ തുറന്നു തന്നിട്ടുള്ളവനാണ് കർത്താവ്. കർത്തൃസന്നിധിയിൽ മുട്ടിപ്പായി മുട്ടിയാൽ കാതുപൊത്തി കതകടച്ച് ഒന്നും കേൾക്കാത്ത മട്ടിൽ ഇരിക്കുന്നവനല്ല ക്രിസ്തു. ആ ശ്രേഷ്ഠത വിശ്വാസിയിലും ഉണ്ട്. പിന്മാറ്റത്തിൽ ഇരിക്കുന്ന വിശ്വാസിയാണെങ്കിൽ പോലും ക്രിസ്തുവിന്റെ തുടർച്ചയായ മുട്ടിന് മുൻപിൽ കാതും ഹൃദയവും അടച്ചിരിക്കാൻ അധികനാൾ കഴിയില്ല.

**5.** ക്രിസ്തു വാതിൽക്കൽ നിന്ന് മുട്ടേണ്ട അവസ്ഥയിലാണ് ആത്മിക ജീവിതമെങ്കിൽ ആ വ്യക്തിയുടെ അവസ്ഥ ദയനീയം ആണ്. അവൻ ശീതോഷ്ണ

➢ശേഷം 6-ാം പേജിൽ

**ജനറൽ YMEF ഏകദിന സമ്മേളനം**

**വാളകം (മൂവാറ്റുപുഴ) സഭാ ഹാളിൽ ആഗസ്റ്റ് 28 ന്**

രാവിലെ 9:30 മുതൽ ഉച്ചയ്ക്ക് 1:30 വരെ

ബൈബിൾ ക്ലാസ് : **ജോസ് മാങ്കുടി**

ബൈബിൾ ക്വിസ് : **കെ.പി.ജോർജ്ജ്, മുള്ളെരിങ്ങാട്**

(യോശുവയുടെ പുസ്തകം)

ഗാനപരിചയം : **പി.എ. ഡേവി (തൃശ്ശൂർ)**

സുവിശേഷ ധ്വനി
സുവിശേഷ സത്യങ്ങൾക്കായി നിലകൊള്ളുന്ന
വൈ.എം.ഇ.എഫ്. ദ്വൈവാരിക
ആഗസ്റ്റ് 17, 2013
പുസ്തകം 36, ലക്കം 49

# ഇത് തട്ടിപ്പിന്റെ കാലം

**വ**ളരെ വേദനാജനകമായ വാർത്തകളാണ് ഓരോ ദിവസവും പുറത്തു വന്നു കൊണ്ടിരിക്കുന്നത്. വാർത്താ മാധ്യമങ്ങളിൽ കൂടി കേൾക്കുകയും, വായിക്കുകയും കാണുകയും ചെയ്യുന്നവർക്ക് ലജ്ജ തോന്നത്തക്ക രീതിയിലാണ് കാര്യങ്ങൾ നീങ്ങുന്നത്. എന്നിട്ടും വാർത്ത സൃഷ്ടിക്കുന്നവർക്ക് യാതൊരു പ്രയാസവും മുഖത്ത് പ്രതിഫലിക്കാത്തവരായി പൊതു രംഗത്ത് പ്രത്യക്ഷപ്പെടുന്നു. പൊതുജനം എന്തു പറഞ്ഞാലും എല്ലാ വിധത്തിലും എല്ലാ മേഖലയിലും അല്പം കയ്യൂക്ക് ഉള്ളവരാണ് അവർ എന്ന് കാര്യങ്ങൾ വെളിപ്പെടുത്തിക്കൊണ്ടിരിക്കുന്നു. കാലങ്ങൾ താമസം വിനാ അവരെ സ്വതന്ത്രരാക്കിവിടും എന്ന് അവർക്ക് അറിയാം. ഇങ്ങനെയുള്ള കാര്യങ്ങളുടെ സംക്ഷിപ്തരൂപം മനസ്സിൽ ഉൾക്കൊണ്ടാൽ ദൈവത്തിന്റെ സ്വന്ത നാട്ടിൽ ഇതൊക്കെ നടക്കുമോ എന്നു തോന്നിപ്പോകും. എന്നാൽ ഇപ്പോൾ മനുഷ്യന്റെ ധാർമ്മിക മൂല്യം ഓരോ ദിവസവും പണത്തിന്റെ മൂല്യം കുറയുന്നതുപോലെ ഇടിഞ്ഞു കൊണ്ടിരിക്കയാണ്. മനുഷ്യരുടെ കണ്ണിൽ ഇരുട്ട് കയറിയാൽ അവന്റെ നേരെ മുന്നിൽ സംഭവിക്കുന്ന കാര്യങ്ങൾ പോലും കാണാൻ കഴികയില്ല.

ശാസ്ത്രം ഇത്ര പുരോഗമിച്ചിട്ടും, സാക്ഷരത നൂറു ശതമാനത്തിൽ എത്തി നിന്നിട്ടും എന്തുകൊണ്ട് മനുഷ്യൻ ഇത്ര മോശമായ അന്തരീക്ഷത്തിലേക്ക് വഴുതിവീഴുന്നു. എന്തുകൊണ്ട് മനുഷ്യൻ അക്രമവും അനീതിയും വെള്ളം പോലെ കുടിക്കുന്നു. പാപത്തിന്റെ തേർവാഴ്ച മനുഷ്യ ഹൃദയങ്ങളിൽ വാഴുന്നതിനാൽ തന്നേ. അതിന്റെ പരിണത ഫലങ്ങളാണ് നാം കാണുന്നത്. എന്നാൽ ഇവിടെ ശിക്ഷിക്കാനോ, ചോദിക്കാനോ ആരും ഇല്ലാത്ത അവസ്ഥയിലേക്ക് ലോകം മാറിക്കഴിഞ്ഞു. ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ടവർ ജനങ്ങളെ സേവിക്കേണ്ടവർ തങ്ങളുടെ പ്രതിജ്ഞാദിനത്തിൽ പറഞ്ഞ ഉത്തരവാദിത്തങ്ങൾ കാറ്റിൽ പറത്തിക്കൊണ്ട് ദ്രവ്യാഗ്രഗ്രഹത്തിന്റെ പിന്നാലെ ഓടുകയാണ്. ഓരോ ദിവസവും പുതിയ വ്യക്തികളുടെ ജീവിത രഹസ്യത്തിന്റെ ചുരുളുകൾ അഴിയുമ്പോൾ ദേഹത്ത് തൊലിയുള്ളവർ മൂക്കത്ത് വിരൽ വെച്ചു പോകുന്ന അവസ്ഥ. ലംഘനം മറയ്ക്കുന്നവന് ശുഭം വരികയില്ല എന്ന് ബൈബിൾ പറയുന്നത് എത്ര വാസ്തവമാണ്. എല്ലാ അനീതിയുടെയും വേദിയായി കേരളം മാറിക്കൊണ്ടിരിക്കുന്നത് കാണുമ്പോൾ നമുക്കു ദുഃഖം ഉണ്ട്.

തട്ടുകടയിലെ മണവും രുചിയും ആസ്വദിച്ചവർ തട്ടുകട കണ്ടാൽ അല്പനേരം നിന്നു പോകും. മണം ആസ്വദിക്കുന്നതിന് പ്രത്യേക ചെലവൊന്നും ഇല്ലല്ലൊ. പിന്നീട് ഇരിക്കും. എല്ലാ പരിണതഫലങ്ങളും മറന്ന് ആവോളം അനുഭവിക്കും. ഇത് താൽക്കാലികമാണെന്ന് ഓർക്കുന്നില്ല. നമ്മുടെ കേരളം എല്ലാവിധ തട്ടിപ്പിന്റെയും തട്ടുകടയായി മാറിക്കൊണ്ടിരിക്കുന്നു. അതിന്റെ ശാഖകൾ സോളാറിലും, കാറ്റാടിയന്ത്രത്തിലും മാഞ്ചിയത്തിലും തുറന്നിരിക്കുന്നുവത്രെ. മാത്രമല്ല എല്ലാ മേഖലയിലും അതു വ്യാപകമായ രീതിയിൽ പടർന്നു കഴിഞ്ഞു. ആർക്കും തടുക്കുവാൻ കഴിയാത്ത വിധം അതു വളർന്നു പന്തലിച്ചു കഴിഞ്ഞു.

എന്തു കൊണ്ടോ ആത്മീയ ഗോളത്തിലും ഇതുപോലെയല്ലെങ്കിലും മറ്റൊരു രൂപത്തിൽ തട്ടിപ്പുകൾ അരങ്ങേറുന്നു. അതിയായ ഭക്തിയുടെ പ്രകടനം വളരെ ആദായ സൂത്രമായി മാറിക്കൊണ്ടിരിക്കുന്നു. ഇന്ന് കൂട്ടായ്മയുടെ കാലഘട്ടം ആണല്ലൊ. ആളുകൾ അതിലേക്ക് ആകർഷിക്കപ്പെടുന്നു. അവരുടെ പണവും ആരോഗ്യവും മിഥ്യയായ വാഗ്ദാനങ്ങളിൽ നിക്ഷേപിക്കുന്നു. അതിന്റെ ഉള്ളിലേക്ക് ഇറങ്ങിചെല്ലുമ്പോഴാണ് ഇതിലും തട്ടിപ്പുണ്ടല്ലൊ എന്നറിയുന്നത്. ഇങ്ങനെ കാര്യങ്ങൾ സാധിക്കാതെ വരുമ്പോൾ അവർ നിരാശരായി തീരുന്നു. ഭൗതികവും ശാരീരികവും ആയ മോഹനസുന്ദര വാഗ്ദാനങ്ങൾ ആണ് അവർ നൽകുന്നത്. അത് താല്ക്കാലികമാണെന്ന് അറിയുന്നില്ല. ആളുകൾക്ക് അതു മതി. ഇന്ന് സോളാറിന്റെ ചൂടിൽ പലരും വെന്തുരുകുകയാണ്. കാറ്റാടിയിലെ ഉപദേശ പിശകിനാൽ പലരും ആടിയുലയുകയാണ്. വചനത്തിന്റെ ആഴം അറിയുവാൻ അവർക്ക് താല്പര്യം ഇല്ല. ഉപരിപ്ലവമായ ചില ആശയങ്ങൾ അവർക്കു മതി.

തന്റെ ജനത്തിന്റെ മുറിവിന്ന് ലഘുവായ ചികിത്സയാണ് ഇവിടങ്ങളിൽ ലഭിക്കുന്നത്. ഗിലയാദിൽ സുഗന്ധ തൈലം ഇല്ലാഞ്ഞിട്ടല്ല. അവിടെ വൈദ്യൻ ഇല്ലാഞ്ഞിട്ടല്ല. പക്ഷെ രോഗശമനം ഇല്ല. ഇന്നത്തെ നിലയിൽ പറഞ്ഞാൽ പാപരോഗത്തിന് ശമനം ഇല്ല. ഇന്നു കാണുന്ന ചികിത്സകൾ മിക്കതും ഭൗതിക നന്മകളുടെ ഉയർച്ചയ്ക്കാണ് – അതാണ് പലരുടെയും ലക്ഷ്യം. ആന്തരികമായ പാപം വരുത്തി വെച്ച മുറിവുകൾക്കല്ല. ഇത് ആത്മികത്തിന്റെ ഉന്നതിയാണെന്നുള്ള വ്യാജേനയും വ്യക്തികളിൽ ദൈവസിദ്ധിയുണ്ടെന്നുള്ള മിഥ്യയായ ധാരണയിലും നടത്തുന്ന തട്ടുകടകളിൽ കൂടുന്ന ആളുകൾക്ക് കണക്കില്ല. പത്ഥ്യം അഥവാ പ്രമാണം ഇല്ലാതെ ഇവ ഭക്ഷിച്ച് പാനം ചെയ്ത് നിത്യരോഗികൾ ആയി മാറുന്നു. നിത്യനാശത്തിലേക്ക് ചെന്നു വീഴുന്നു. രക്ഷ എന്തെന്ന് അറിയാത്ത ഒരു കൂട്ടമായി അവർ തീരുന്നു. ലക്ഷ്യവും വാക്കും തെറ്റി യാതൊരു ദൈവഭയവും കൂടാതെ 'ഇല്ലാത്ത പ്രസ്ഥാനങ്ങൾക്കും' 'വല്ലാത്ത പ്രവർത്തനങ്ങൾക്കും' പണം സമ്പാദിക്കുന്ന വ്യക്തി ജീവിതങ്ങൾ ഇന്നും വിലസുന്നു. എന്നാൽ ഇതെല്ലാം നഗ്നവും മലർന്നതുമായി നമ്മുടെ ദൈവത്തിന്റെ മുന്നിൽ കിടക്കുന്നു എന്ന് ഹൃദയ കാഠിന്യം നിമിത്തം അവർ അറിയുന്നില്ല. ഇതെല്ലാം ദൈവത്തിന്റെ "ബുക്കിൽ" ഉണ്ടെന്ന് മറക്കരുത്. ഇവയെല്ലാം ന്യായവിധിദിവസത്തിൽ വെളിപ്പെട്ടുവരും. അനേകരുടെ രഹസ്യങ്ങൾ വെളിപ്പെടുന്ന രംഗമാണത്. കഴിഞ്ഞ കാലങ്ങളിൽ അനുഭവിച്ച സോളാറിന്റെ ചൂടും, കാറ്റാടിയുടെ വളരെ വേഗത്തിൽ അടിക്കുന്ന കാറ്റും മന്ത്രിസഭയെ പോലും മറിച്ചിടുമോ എന്ന് ജനം ഭയപ്പെടുന്നു. ഇന്ന് നാം ദൃശ്യമാധ്യമങ്ങളിൽ കൂടെ കാണുന്ന് തട്ടിപ്പിന്റെ തട്ടുകടയിൽ ഇരുന്നു രുചി നോക്കി നിരങ്ങിയവർ മുഖം മറച്ചും, ദുഃഖിച്ചും കോടതിയിലേക്കും ജയിലിലേക്കും പോകുന്നത് നാം കണ്ടുവല്ലോ. ആത്മീയ ലോകത്തിൽ ദൈവനാമം ദുഷിക്കത്തക്കരീതിയിൽ കാര്യങ്ങൾ സംഭവിക്കാതിരിപ്പാൻ നേരായ മാർഗ്ഗത്തിൽ കർത്താവിനെ സ്നേഹിക്കുവാൻ, സേവ ചെയ്യുവാൻ ഇടവരട്ടെ. കർത്താവ് വിളിച്ച് ഇറങ്ങിയവർക്കു മാത്രമെ കർത്താവിനെ ആ നിലയിൽ സേവിപ്പാൻ കഴികയുള്ളു. ദൈവമക്കൾ ഉണർന്നു പ്രാർത്ഥിക്കേണ്ട കാലമാണിത്. വഞ്ചിതരാകാതിരിപ്പാൻ സൂക്ഷിക്കുക. അപകടം മുന്നിൽ ഉണ്ട്. ദൈവത്തെ മറക്കുന്നവരെ ഇത് ഓർത്തുകൊൾവിൻ; അല്ലെങ്കിൽ ഞാൻ നിങ്ങളെ കീറിക്കളയും വിടുവിപ്പാൻ ആരും ഉണ്ടാകയില്ല (സങ്കീ. 50:22)

*റ്റി.വി. സൈമൺ*

**ആത്മീയ രംഗത്തെ തട്ടിപ്പുകൾ തിരിച്ചറിയുവാൻ തക്കവണ്ണം ദൈവജനം ബുദ്ധിയുള്ളവർ ആയിരിക്കുക**



## PRAY FOR WORLD COUNTRIES - 05

| Countires | Capital | Population | Language | Literacy | Religion |
|---|---|---|---|---|---|
| United Arab Emirates | Abu Dhabi | 4.5 million | Arabic | 77% | Muslim – 96%, Others –4% |
| Ghana (Republic of Ghana) | Accra | 22.1 million | Twi, Fanti, Ewe, Ga, Adangbe,Gurma,etc | 54% | Christain – 69%, Muslim – 16%, Traditional beliefs - 9%, Others - 6% |
| Haiti (Republic of Haiti) | Port-au-Prince | 8.5 million | French, French Creole | 52% | Roman Catholic – 80%, Protestant –16%, Others –4% |
| France (French Republic) | Paris | 60.5 million | French, German, Provencal, Breton, etc. | 99% | Roman Catholic – 88%, Muslim – 8%, Protestant -2%, Buddhist - 1%, Jewish – 1% |
| Martinique | Fort-de-France | 4,36,131 | French, Creole patois, English | 97.7% | Roman Catholic -85%, Protestant 10.5%, Muslim 0.5%, Hindu 0.5%, others 3.5% |
| Netherlands (Kingdom of Netherlands) | Amsterdam | 16.3 million | Dutch, Frisian | 99% | Roman Catholic – 36%, Others - 34%, Protestant - 27%, Muslim –3% |
| St.Kitts & Nevis (Federation of St.Christopher & Nevis) | Basseterre | 38,958 | English | 98% | Anglican – 33%, Moravian - 9%, Methodist -29%, Roman Catholic- 7% Others – 22% |
| Sri Lanka (Democratic Socialist Republic of Sri Lanka) | Colombo | 20.7 million | Sinhala,Tamil, English | 90% | Buddhist – 69%,Hindu - 15%, Muslim - 8%, Christian - 8%, |
| Myanmar (Union of Myanmar) | Naypyidaw | 50.5million | Burmese, Shan, Karen, Rakhine, Chin.etc | 90% | Buddhist –87%,Hindu - 1%, Muslim - 4%, Christian - 6%, Others - 2% |
| Kenya (Republic of Kenya) | Nairobi | 34.3 million | Kiswahili, English, Kikuyu, Luo, Kalenjin | 74% | Christian - 60%, Traditional Belief - 25%, Others - 9%, Muslim - 6% |
| Madagascar (Republic of Madagascar) | Antananarivo | 18.6 million | Malagasy, French | 71% | Christian - 41%, Traditional Belief - 52%, Muslim - 7% |
| Peru(Republic of Peru) | Lima | 28 million | Spanish,Quechua, Aymara | 88% | Roman Catholic – 95%, Others – 5% |
| Romania | Bucharest | 21.7 million | Romanian, Hungarian, German | 97% | Romanian Orthodox - 87%,Roman Catholic –5% , Protestant - 4%, Others– 4% |
| Cook Islands | Avarua | 19,569 | English, Cook Islands Maori | 95% | Cook Islands Christian- 52.6%, R.C – 16.9% , S.D.A - 7.5%, Jehovas witness- 2.1%, Others– 20.9% |

Compiled by : Sabu Varghese

## വായനക്കാരുടെ അറിവിലേക്ക്

- ലേഖനങ്ങൾ കവിതകൾ തുടങ്ങിയവ പേപ്പറിന്റെ ഒരുവശത്ത് മാത്രം എഴുതി ചീഫ് എഡിറ്ററുടെ വിലാസത്തിൽ അയയ്ക്കുക.
- യുവാക്കളുടെ രചനകൾക്ക് മുൻഗണന.
- രചനകൾ അയയ്ക്കുന്നവർ തങ്ങളുടെ ഫോൺനമ്പർ കൂടി ഉൾപ്പെടുത്തുക.
- വാർത്തകൾ സഭാമൂപ്പന്മാരോ വൈ.എം.ഇ.എഫ് സെന്റർ സെക്രട്ടറിമാരോ സാക്ഷ്യപ്പെടുത്തിയിരിക്കണം.
- വിദേശത്തു നിന്നും വരിസംഖ്യയും സംഭാവനയും അയയ്ക്കുന്നവർ ഇന്ത്യൻ രൂപയിൽ തന്നെ അയയ്ക്കുക. ഡോളർ ചെക്ക് അയയ്ക്കരുത്.
- വരിസംഖ്യയും സംഭാവനയും നേരിട്ട് ബാങ്ക് അക്കൗണ്ടിലേക്ക് അയയ്ക്കുവാൻ ആഗ്രഹിക്കുന്നവർ അക്കൗണ്ട് നമ്പരിനും മറ്റു വിവരങ്ങൾക്കുമായി മാനേജിംഗ് എഡിറ്ററുമായി ബന്ധപ്പെടുക.
- മണിയോർഡർ അയയ്ക്കുന്നവർ എന്തിനുവേണ്ടി പണം അയയ്ക്കുന്നു എന്നു കാണിച്ച് പൂർണ്ണ വിലാസവും ഫോൺ നമ്പരും സഹിതം ഒരു കത്തു കൂടി അയയ്ക്കുക.
- പണം അയച്ച് ആറാഴ്ചയ്ക്കകം നിങ്ങൾക്ക് രസീത് ലഭിക്കുന്നില്ലെങ്കിൽ മാനേജിംഗ് എഡിറ്ററുമായി ബന്ധപ്പെടുക.
- കൂടുതൽ കോപ്പി ലഭിക്കുന്നു എങ്കിലോ വിലാസത്തിൽ മാറ്റമുണ്ടെങ്കിലോ എത്രയും വേഗം ദയവായി വിവരം അറിയിക്കുക.
- സുവിശേഷ ധ്വനി നിങ്ങൾക്ക് ക്രമമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുക.
- സുവിശേഷധ്വനി കൂട്ടു വിശ്വാസികൾക്ക് പരിചയപ്പെടുത്തുകയും വരിക്കാരാകുവാൻ അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
- വിദേശവരിക്കാരുടെ വിലാസമാറ്റത്തിനും മറ്റു പരാതികൾക്കും സർക്കുലേഷൻ മാനേജരുമായി ബന്ധപ്പെടാവുന്നതാണ്. ഫോൺ: 09446918942

**വരിസംഖ്യയും സംഭാവനകളും അയയ്ക്കേണ്ട വിലാസം:**

മാനേജിംഗ് എഡിറ്റർ, പി. എസ്. നൈനാൻ, തോണ്ടിയത്ത് പുത്തൻ വീട്,
കല്ലിശ്ശേരി പി. ഓ., ആലപ്പുഴ – 689 124, കേരളം, ഇന്ത്യ.
ഫോൺ– 0479– 2427371, 9446004619
Email: psninan_3@yahoo.com,
suviseshadhwani2011@gmail.com

**സുവിശേഷധ്വനി ഒരു ആത്മികശുശ്രൂഷയാകയാൽ നിങ്ങളുടെ പ്രാർത്ഥന അത്യാവശ്യം.**

### തിരുവായ്മൊഴി

" നിങ്ങളോ സൂക്ഷിച്ചുകൊൾവിൻ; ഞാൻ എല്ലാം നിങ്ങളോടു മുൻകൂട്ടി പറഞ്ഞുവല്ലോ."

മർക്കോസ് 13:23

### ഈ ലക്കത്തിലെ വാചകം


"നീ കേൾക്കത്തക്കവണ്ണമാണ് ക്രിസ്തു വിളിക്കുന്നത്. അത് കേൾക്കാതെ പോകുന്നത് ദുരന്തം ആണ്."

ഗോത്രങ്ങൾ തേടി..... 59



## പ്രകൃതിയെ ആരാധിക്കുന്ന

# വെമാരികൾ




| | |
|---|---|
| ജനസംഖ്യ | : 4 ലക്ഷം |
| സാക്ഷരത | : 15% |
| തിരുവചന ലഭ്യത | : തിരുവചന പരിഭാഷ പുരോഗതിയിൽ |

"**നി**ങ്ങൾ മസീഹ് വാല എല്ലാവരും കൂടി ഒരു ഗ്രാമത്തിൽ വസിച്ചാൽ അതു നന്നായിരിക്കും അപ്പോൾ മറ്റുള്ളവരെ നിങ്ങളുടെ സ്വാധീനത്തിൽ നിന്നു രക്ഷിക്കാൻ കഴിയും" മിഷണറിയായ സ്റ്റീഫനെ കണ്ടപ്പോൾ വെമാരി സമൂഹത്തിൽപ്പെട്ട രാം ദേവിയാണ് ഇങ്ങനെ നിർദ്ദേശിച്ചത്. വെമാരി സമൂഹത്തിൽ നിന്നും ചിലർ അവരുടെ പിതൃപാരമ്പര്യം വിട്ട് ക്രിസ്ത്യാനികളായപ്പോൾ ആ സമുദായത്തിലെ മറ്റു ചിലരെ ഭയവും അരക്ഷിതാവസ്ഥയും പിടികൂടി. ക്രിസ്തുമതം ഈ പ്രദേശത്തേക്ക് ആദ്യമായി കടന്നുവന്നത് 1984-ൽ ആണ്. ദീർഘവർഷങ്ങളിലെ കഠിന പ്രയത്നത്തിന്റെ ഫലമായി വെമാരി സമൂഹത്തിൽ നിന്നുള്ള വളരെയേറെ ആളുകൾ ഇപ്പോൾ കർത്താവിനെ ആരാധിക്കുന്നു.

സഭാസ്ഥാപകർ, തിരുവചന പരിഭാഷകർ, സാക്ഷരതാ പ്രവർത്തകർ എന്നിങ്ങനെ പല മേഘലകളിലായി വളരെയേറെ ക്രിസ്ത്യൻ സംഘടനകൾ ഇവിടെയുണ്ട്. പൊതുവെ, വെമാരി സമൂഹം സുവിശേഷത്തെ സ്വീകരിക്കുകയോ തിരസ്കരിക്കുകയോ ചെയ്യാറില്ല. എന്നാൽ ഒരു നിഷ്ക്രിയ മനോഭാവം ആണ് ഇവർക്കുള്ളത്.

ഭാരതത്തിൽ മഹാരാഷ്ട്ര, ഛത്തീസ്ഗഡ് എന്നീ സംസ്ഥാനങ്ങളിലെ വനമേഘലകളായ കുന്നിൻ പ്രദേശങ്ങളിലാണ് വെമാരി സംസാരിക്കുന്നവർ പാർക്കുന്നത്. ഇവിടുത്തെ ഭൗമിക സാഹചര്യങ്ങൾ നല്ല ഒളി സങ്കേതങ്ങൾ ഉള്ളതാകയാൽ തീവ്രവാദ രാഷ്ട്രീയത്തിനു പേരു കേട്ടതാണ്. ഇങ്ങനെയൊക്കെയാണെങ്കിലും സർക്കാർ നാട്ടുകാരെ സഹായിക്കുന്നതിനായി സ്കൂളുകൾ ആരംഭിക്കുകയും അവർക്ക് സർക്കാർ സ്ഥാപനങ്ങളിൽ ജോലി കൊടുക്കുകയും ചെയ്യുന്നു. മതപരവും സാമൂഹ്യപരവുമായി ഇവർ ഹിന്ദുക്കളാണ്. അനവധി ഗ്രാമ ദേവന്മാർ ഇവർക്കുണ്ട്. ആഭിചാര പ്രവർത്തനങ്ങളും ശക്തമാണ്. എന്നാൽ ഇവരുടെ

> **പുരാതന ആചാരം അനുസരിച്ച് പല പ്രകാരങ്ങളിലാണ് വെമാരികൾ പ്രകൃതിയെ ആരാധിക്കുക. മതപരമായ ചടങ്ങുകളിൽ മൃഗബലി നടത്തുക, മനുഷ്യരുടെ തലയിൽ ദന്തങ്ങളോ, ആനക്കൊമ്പുകളോ വച്ചു കെട്ടി അലങ്കരിക്കുക തുടങ്ങിയ ആചാരങ്ങൾ ഇപ്പോഴും ഇവരുടെ ഇടയിൽ നിലവിലുണ്ട്.**

സമൂഹത്തിൽ തൊഴിൽ അടിസ്ഥാനത്തിലുള്ള ജാതി വിഭാഗങ്ങൾ ഒന്നുമില്ല. എങ്കിലും ഇവരുടെ ഗോത്രത്തിന്റെ മാത്രമായ സാമൂഹ്യ-നിയമ അധികാര സ്ഥാനങ്ങൾ ഉണ്ട്.

ധാരാളം ക്രിസ്തീയ സംഘടനകൾ ഇവരുടെ ഇടയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും വിരലിൽ എണ്ണാവുന്നത്ര ആളുകൾ മാത്രമെ ആരാധനകളിൽ പങ്കെടുക്കാറുള്ളു. വെമാരി സമൂഹത്തിൽ നിന്നുള്ള ഒരു സുവിശേഷകൻ ഒരു സഭയിൽ ശുശ്രൂഷിക്കുന്നുണ്ട്. കൂടാതെ തിരുവചന പരിഭാഷയിൽ സഹായിക്കുകയും ചെയ്യുന്നു.

മിക്കവാറും ഗ്രാമങ്ങളിൽ പ്രൈമറി സ്കൂളുകൾ ഉണ്ട്. എന്നാൽ പല ഉൾപ്രദേശ ഗ്രാമങ്ങളിലും വിദ്യാലയങ്ങളോ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളോ ഇല്ല. ജനങ്ങളുടെ ജീവിതരീതി അഭിവൃദ്ധിപ്പെടുത്താൻ സർക്കാർ തീവ്രയത്നം നടത്തുന്നുണ്ട്. എന്നാൽ ഇപ്പോഴും അവരുടെ സാക്ഷരതാ നിരക്ക് വളരെ താഴ്ന്നതാണ്. അതിനാൽ എഴുത്തും വായനയും പഠിപ്പിക്കുവാൻ സാക്ഷരതാ പ്രവർത്തകരെയാണ് വെമാരി സമൂഹത്തിനാവശ്യം. അങ്ങനെ ഇവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുവാൻ കഴിയും. എല്ലാറ്റിനുമുപരി ഇവർക്ക് ഇവരുടെ മാതൃഭാഷയിൽ ദൈവവചനം വായിക്കുവാൻ കഴിയും.

### പ്രാർത്ഥനയ്ക്കായി

- വെമാരി സമൂഹത്തിൽ നിന്ന് ക്രിസ്ത്യാനികളായവർ വേദപുസ്തക പരിഭാഷ സംഘത്തിൽ ചേർന്ന് തിരുവചനം അവരുടെ മാതൃഭാഷയിലേക്ക് പരിഭാഷപ്പെടുത്തുന്നതിന്...
- വെമാരി ക്രിസ്ത്യാനികൾ അവരുടെ സമൂഹത്തിൽ 'ഉപ്പും വെളിച്ചവും' ആയിത്തീരേണ്ടതിന്...
- ഗവൺമെന്റും ഇതര സംഘടനകളും മുൻകൈ എടുത്ത് നടപ്പാക്കുന്ന എല്ലാ വികസന പദ്ധതി കളും ജനങ്ങൾക്ക് പ്രയോജനപ്പെടുവാൻ...

**ഇ.ജെ.പി.** (കടപ്പാട്: എൻ.എൽ.സി.ഐ.)

# ആത്മിക ഉണർവിന് മടങ്ങിവരവ് അത്യാവശ്യം

**ന**മ്മുടെ ദൈവം വിശുദ്ധനും നീതിമാനും സർവ്വശക്തനുമായതിനാൽ പാപം സഹിക്കുകയില്ല. ദൈവത്തെയും മനുഷ്യനെയും തമ്മിൽ അകറ്റുന്നത് മനുഷ്യന്റെ പാപമാണ്. ക്രോധം മനുഷ്യന്റെ മേൽ പതിക്കുന്നതിന് പാപം കാരണമായിത്തീർന്നു. അറിഞ്ഞും അറിയാതെയും ഉള്ള പാപം കടന്നു വന്നു. ദൈവത്തെ കാണുവാൻ ആഗ്രഹിക്കുന്നവർ ദൈവത്തിങ്കലേക്ക് കടന്നു വരണം. ജഡത്തിന്റെ ചിന്തയ്ക്കനുസരിച്ച് ജീവിക്കുന്നത് മാറ്റണം. സഭകൾ ആത്മീയമായി താഴേയ്ക്കു വന്നുകൊണ്ടിരിക്കുന്നു. ആത്മിക ഉണർവ്വിനുവേണ്ടി മടങ്ങി വരവ് അത്യാവശ്യമാണ്. മടങ്ങിവരുവാൻ എന്തൊക്കെ ശ്രദ്ധിക്കണമെന്ന് നമുക്കു നോക്കാം:-

**1. മടങ്ങി വരുവാനുള്ള തീരുമാനം എടുക്കാം**

മടങ്ങി വരുവാനുള്ള മാർഗ്ഗം യേശുകർത്താവു തന്നെ പറഞ്ഞു തന്നിട്ടുണ്ട്. നിങ്ങൾ തിരിഞ്ഞു ശിശുക്കളെപ്പോലെ ആയി വരുന്നില്ല എങ്കിൽ സ്വർഗ്ഗരാജ്യത്തിൽ കടക്കയില്ല (മത്തായി 18:3). സ്വർഗ്ഗരാജ്യത്തിൽ കടക്കുവാൻ ആഗ്രഹിക്കുന്ന വ്യക്തി മാനസാന്തരപ്പെടണം. നമുക്ക് പാപം ചെയ്തു എന്ന ബോധ്യം വന്നാൽ മാനസാന്തരപ്പെടുവാൻ താല്പര്യം എടുക്കണം. മാനസാന്തരം എന്നു പറഞ്ഞാൽ തിരിഞ്ഞു വരിക, മനസിനു മാറ്റം വരുത്തുക, പുറകോട്ടു തിരിയുക, മടങ്ങി വരിക എന്ന അർത്ഥങ്ങളുണ്ട്. ആത്മീയ അർത്ഥത്തിൽ അനുതപിക്കുക, വീണ്ടും ജനിക്കുക, കൃപ പ്രാപിക്കുക എന്നൊക്കെ അർത്ഥമുണ്ട്. കൂടാതെ ആത്മീയ അനുഭവം ഉണ്ടാക്കുക എന്ന അർത്ഥവും ഉണ്ട്. ഇന്നു നാം പോയിക്കൊണ്ടിരിക്കുന്ന വഴിയിൽ നിന്നും ഒരു മാറ്റം ആവശ്യമാണ്. ചിന്താഗതിക്കു ഒരു മാറ്റം ആവശ്യമാണ്. ഇനിയുമെങ്കിലും മാനസാന്തരപ്പെട്ട് ആത്മിക ഉണർവിലേക്കു മടങ്ങി വരാം.

**2. മാനസാന്തരം വിവിധ രീതിയിൽ സംഭവിക്കാം**

മാനസാന്തരം വ്യക്തിയുടെ ജീവിതത്തെയും വൈകാരിക സ്ഥിരതയെയും സാഹചര്യത്തെയും മുൻ ജീവിതരീതിയെ ആശ്രയിച്ചും വരാം. മറ്റൊരുവനിൽ തന്റെ ജീവിതത്തിൽ ഉണ്ടാവുന്ന വലിയ ഏതെങ്കിലുമൊരു സംഭവത്തിനു ശേഷം ആയിരിക്കാം. വേറെ ചിലർക്ക് ലോകത്തിൽ വിലയേറിയവ എന്നു കരുതിയത് നഷ്ടപ്പെടുമ്പോൾ ആയിരിക്കാം. ഈ ലോകത്തിലെ ഐശ്വര്യങ്ങൾ നഷ്ടപ്പെട്ടതിലുള്ള നിരാശ, സ്നേഹിതർ നഷ്ടപ്പെട്ടതിലുള്ള ദുഃഖം, ഇവയെല്ലാം മാനസാന്തരം സംഭവിക്കുവാനുള്ള അവസരമായി തീരാറുണ്ട്. ധനസമ്പാദനത്തിനായി ആയുസ്സിന്റെ സമയമെല്ലാം നഷ്ടപ്പെടുത്തിയതിനു ശേഷം അവ നഷ്ടപ്പെടുമ്പോൾ സ്നേഹിതർ തങ്ങളെ വിട്ടകന്നു പോകുമ്പോഴും ദുഃഖത്തിന്റെയും നെടുവീർപ്പിന്റെയും അവസരങ്ങളിൽ ദൈവത്തിന്റെ പരിശുദ്ധാത്മാവ് അവരിൽ പ്രവർത്തിക്കുകയും ജീവിതത്തിൽ വ്യത്യാസം വന്ന് അവർ മാനസാന്തരപ്പെടുവാൻ മുഖാന്തരമായി തീരുകയും ചെയ്യുന്നു. ശക്തിയുടെയും ബലത്തിന്റെയും ഉറവിടം ദൈവത്തിൽ നിന്നു തന്നെയാണ്. നിലനിൽക്കുന്ന സ്നേഹത്തിനും സഖിത്വത്തിനും പാത്രീഭൂതൻ ദൈവമാണ് എന്ന് അവർ മനസ്സിലാക്കുമ്പോൾ വ്യത്യാസം സംഭവിക്കുന്നു. ദൈവത്തിങ്കൽ നിന്നുള്ള ഉപകാരങ്ങൾ അനുഭവിക്കുമ്പോൾ ദൈവത്തിങ്കലേക്കു തിരിഞ്ഞ് മാനസാന്തരപ്പെടുന്നു.

**വി.സി. ശാമുവേൽ, കൊച്ചി**

മാനസാന്തരം പെട്ടെന്നുണ്ടാകുന്ന ഒരനുഭവമോ ദൈവസ്നേഹത്തിന്റെ വെളിപ്പാടിന്റെ ദർശനം മൂലം ലഭിച്ച രൂപാന്തരമോ അല്ലെങ്കിൽ കാലക്രമേണ ഉണ്ടാകുന്ന ഹൃദയമാറ്റത്തിന്റെ പ്രവർത്തനഫലമായി ഒരു പ്രത്യേക നിമിഷത്തിൽ ജീവങ്കലേക്കു കാൽ വയ്ക്കുന്ന ഒരനുഭവമോ ആയിരിക്കാം. ഈ രീതിയിലൊക്കെ ഒരു വിശ്വാസിക്കു മാനസാന്തരം ഉണ്ടാകുവാൻ സാധ്യതയുണ്ട്.

**3. വചന പഠനത്താൽ രണ്ടു രീതിയിലുള്ള മാനസാന്തരം ഉണ്ടാവാം.**

വചനത്തിലൂടെ പാപബോധത്തോടു കൂടിയ മാനസാന്തരം യഥാർത്ഥ ക്രിസ്തീയ ജീവിതത്തിനു വേണ്ടി ഉള്ള ആവേശത്താലുള്ള മാനസാന്തരം. തന്നിൽ തന്നെ ഉള്ള ശക്തിയുടെ ബോധം മൂലം യഥാർത്ഥ അനുതാപത്തോടും വിശ്വാസത്തോടും കൂടി മാനസാന്തരപ്പെടും. കഴിഞ്ഞ കാല ജീവിതത്തിൽ നിന്നുള്ള തിരിച്ചു വരവാണ് അനുതാപം. മാനസാന്തരത്തിന്റെ ഫലത്താലുള്ള വീണ്ടും ജനനമാണ് അടുത്ത പടി. സ്വർഗ്ഗരാജ്യത്തിൽ കടക്കണമെന്ന് ആഗ്രഹിക്കുന്നവർ വീണ്ടും ജനിക്കണം. യഥാർത്ഥ മാനസാന്തരമെന്നു പറഞ്ഞാൽ ബുദ്ധിയുടെയും വികാരങ്ങളുടെയും ഇച്ഛാശക്തിയുടെയും രൂപാന്തരമാണ്. അനേകർ ഇന്ന് ബുദ്ധിപരമായ മാനസാന്തരത്തിന്റെ അനുഭവമുള്ളവരാണ്. അവർ വേദപുസ്തക വിശ്വാസവും ഒപ്പം യേശുക്രിസ്തുവിലുള്ള വിശ്വാസവും ഉള്ളവരായിരിക്കും. എന്നാൽ യഥാർത്ഥമായി യേശുക്രിസ്തുവിലേക്ക് തിരിയാത്തവരുണ്ട്. യോഹന്നാന്റെ സുവിശേഷം രണ്ടാം അധ്യായത്തിൽ ഈ സത്യത്തെ പറ്റി പറയുന്നുണ്ട്. എല്ലാവരും യേശുക്രിസ്തുവിൽ വിശ്വസിച്ചു എങ്കിലും യേശുകർത്താവ് അവരെ നല്ലവണ്ണം അറിഞ്ഞിരുന്നതു കൊണ്ട് തന്നെത്താൻ അവരുടെ പക്കൽ വിശ്വസിച്ച് ഏല്പിച്ചിരുന്നില്ല. അതുകൊണ്ട് അവരുടെ വിശ്വാസം ബുദ്ധിപരമായതാണെന്ന് മനസ്സിലാക്കുകയും പൂർണ്ണ ഹൃദയത്തോടെ കർത്താവിനെ വിശ്വസിച്ചില്ല എന്നും കർത്താവ് അറിഞ്ഞിരുന്നു. ഇന്ന് രണ്ടു രീതിയിലുള്ള മാനസാന്തരക്കാരെയും കാണാം. പൂർണ്ണ ഹൃദയത്തോടെ വിശ്വസിച്ച് മാനസാന്തരപ്പെട്ടവരും ബുദ്ധിപരമായ മാനസാന്തരാനുഭവം ഉള്ളവരും. ഇവ തമ്മിൽ വളരെ വ്യത്യാസം ഉണ്ട്.

*1. ബുദ്ധിപരമായ മാനസാന്തരം:* ബുദ്ധിപരമായ മാനസാന്തരം എന്നു പറഞ്ഞാൽ ക്രിസ്തുവിനെ രക്ഷകനായി സ്വീകരിക്കുകയും ചിന്താഗതിയിൽ മാറ്റം വരികയും ചെയ്യുന്നതാണ്. ചിലർക്ക് വികാരപരമായ തൽക്കാല മാനസാന്തരാനുഭവം മാത്രം. കർത്താവ് ആഗ്രഹിക്കുന്ന മാനസാന്തരം ജീവിതത്തിലെ മാറ്റമാണ്. അല്ലാത്ത മാനസാന്തരങ്ങളെല്ലാം തന്നെ ബുദ്ധിപരമായ മാനസാന്തരമായി കരുതാം.

*2. പൂർണ്ണ ഹൃദയത്തോട് വിശ്വസിച്ച് മാനസാന്തരപ്പെട്ടവർ:* ക്രിസ്തുവിലാകുന്ന വ്യക്തി പാപത്തെ വെറുക്കുകയും നീതിയെ സ്നേഹിക്കുകയും ചെയ്യുന്നു. ദൈവഭക്തി അളക്കാനാവാത്ത വിധത്തിൽ വർധിച്ചു വരികയും യേശുകർത്താവിനോടുള്ള സ്നേഹം വർണ്ണിക്കുവാൻ പാടില്ലാത്ത വിധവും ആയിരിക്കാം. അവർ യേശു ക്രിസ്തുവിനെ അനുസരിക്കുവാനും അനുഗമിക്കുവാനും മനസ്സൊരുക്കമുള്ളവരും ആണ്. അവരുടെ ഏക ആഗ്രഹം ദൈവത്തെ പ്രസാദിപ്പിക്കുക എന്നതു മാത്രമാണ്. അവർ പുതിയ സൃഷ്ടി ആയിതീരുന്നു.

➤➤

പ്രായോഗികം

എസ്.ജി. ഗിൽബർട്ട്, ആറാമട

# ഒരു വിശ്വാസി ആത്മഹത്യ ചെയ്യുമോ?



**ആ**ത്മഹത്യ ചെയ്യുന്നത് നിയമപരമായി തെറ്റാണെന്ന് അറിഞ്ഞുകൂടാത്തവരായിട്ട് ആരും കാണുമെന്ന് തോന്നുന്നില്ല. ഒരുവൻ ആത്മഹത്യാശ്രമം നടത്തിയാൽ തന്നെ നിയമ പാലകർ അറിഞ്ഞാൽ ശിക്ഷാനടപടിയെടുക്കും. കാര്യങ്ങൾ ഇങ്ങനെയാണെങ്കിലും അപൂർവ്വം ചില രാജ്യങ്ങളിൽ തീരാരോഗത്താൽ, തീരാവേദനയാൽ കഷ്ടപ്പെടുന്നവർക്ക് വേണമെങ്കിൽ സൈലന്റ് ഡെത്ത് അനുവദിച്ചിട്ടുണ്ട്. അത് വളരെ അപൂർവ്വമാണ്. ഒരു ദൈവപൈതൽ സാഹചര്യം ഏതായാലും ആത്മഹത്യ ചെയ്യാമോ എന്നുള്ളതാണ് നമ്മുടെ ചിന്താവിഷയം.

ആത്മഹത്യ വളരെ അധികം നടക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. വിദ്യാഭ്യാസപരമായി നമ്മുടെ നാട് സമുന്നതമായ നേട്ടം കൈവരിച്ചിട്ടുണ്ടെങ്കിലും ആത്മഹത്യാ പ്രവണതയും വളരെ വർദ്ധിച്ചു വരുന്നു. കടം കുന്നു കൂടിയതു നിമിത്തവും കുടുംബ സമാധാനമില്ലായ്മ നിമിത്തവും കൂട്ട ആത്മഹത്യകളും ധാരാളമായി നടന്നു കൊണ്ടിരിക്കുന്നു. ഒരു കാലത്ത് അക്രൈസ്തവരുടെ മധ്യത്തിലാണ് ആത്മഹത്യാ പ്രവണത ധരാളമായി കണ്ടു വന്നത്. ഇന്ന് അത് സർവ്വസാധാരണ അനുഭവമായി മാറി.

ക്രൈസ്തവരിൽ അപൂർവ്വമായിട്ടെങ്കിലും വിശ്വാസികൾ എന്ന ലേബലിൽ അറിയപ്പെടുന്നവരിൽ ചിലരും ആത്മഹത്യയിൽ പര്യവസാനിച്ചിട്ടുണ്ട് എന്നത് ദുഃഖകരമായ വസ്തുതയാണ്. ആത്മഹത്യാ പ്രവണത യാതൊരു കാരണവശാലും പ്രോത്സാഹജനകമല്ല. എന്തു വിലകൊടുത്തും അതു നിരുത്സാഹപ്പെടുത്തണം എന്നതാണ് ഒരു ദൈവപൈതലിന്റെ ഉത്തരവാദിത്തം

**1. എന്താണ് ആത്മഹത്യ?**

ആത്മഹത്യ എന്ന വാക്കിന് തന്നത്താൻ കൊല്ലൽ, സ്വയം മരണം വരിക്കൽ, സ്വയം നാശം വരിക്കൽ എന്നാണ് ശബ്ദതാരാവലിയിൽ അർത്ഥം നൽകിയിരിക്കുന്നത്. സ്വന്തം ജീവനെ അഥവാ ആത്മാവിനെ ശരീരത്തിൽ നിന്നും വേർപെടുത്തുന്ന പരിപാടിയാണ് ആത്മഹത്യ. ആത്മാവിനെ ആർക്കും ഒരുനാളും സ്വയം നശിപ്പിക്കാൻ സാധിക്കയില്ല. ആത്മാവും ശരീരവുമായി ഒന്നിച്ചു പ്രവർത്തിച്ചാലെ ഭൂമിയിൽ ജീവിക്കാൻ സാധിക്കൂ. ഭൂമിയിൽ ജീവിതം അനുവദിച്ച ദൈവമാണ് നമുക്ക് മാതാപിതാക്കളിൽകൂടി ഭൂമിയിലേക്ക് പിറക്കാൻ അവസരം തന്നത്.

മനുഷ്യജീവിതം ദൈവത്തിന്റെ ദാനമാണ്. എത്രയോ ആയിരങ്ങൾ അമ്മയുടെ ഗർഭപാത്രത്തിൽ വച്ചു തന്നെ പിറക്കാതെ നശിച്ചുപോകുന്നു. എത്രയോ കുഞ്ഞുങ്ങൾ ജനനസമയത്തും ശൈശവദശയിലും മരിക്കുന്നു. അങ്ങനെ മരണം വരിച്ച കുഞ്ഞുങ്ങൾക്ക് ആർക്കും ലഭിക്കാത്ത വലിയ ഭാഗ്യമാണ് എനിക്കും നിങ്ങൾക്കും ദൈവം ദാനമായി തന്നിരിക്കുന്നത്. നമുക്ക് ജീവൻ തന്ന് ഈ ലോകത്തിൽ നമ്മെ ആക്കിയിരിക്കുന്ന ദൈവത്തിനു മാത്രമേ നമ്മുടെ ആത്മാവിനെ ശരീരത്തിൽ നിന്നും തിരികെ എടുക്കുവാൻ അവകാശമുള്ളൂ.

ഒരുവൻ ആത്മഹത്യ ചെയ്യാൻ ശ്രമിച്ചാൽ അവൻ ദൈവത്തോട് കാണിക്കുന്ന കടന്നു കയറ്റമാണ്. ദൈവം ഉദ്ദേശിക്കുന്ന സമയത്തിനു മുമ്പേ ആത്മാവിനെ ശരീരത്തിൽ നിന്നും വേർപെടുത്തുകയാണ് ആത്മഹത്യ കൊണ്ടു നടക്കുന്നത്. ആത്മഹത്യകൊണ്ട് സകലവും തീർന്നു എന്നാണ് പലരും ധരിക്കുന്നത്. ആത്മാവിനെ ഇല്ലായ്മ ചെയ്യാൻ സാധിച്ചാൽ കഥ കഴിഞ്ഞു പിന്നെ ഒന്നും സംഭവിക്കാനില്ല എന്നു പറയാം. പക്ഷേ ആത്മാവ് നശിക്കുന്ന ഒന്നല്ല. അതിനെ നശിപ്പിക്കാൻ ആർക്കും കഴിയില്ല.

മരണം കൊണ്ട് സകലവും കഴിയുന്നില്ല. മറ്റു ചിലതിന്റെ തുടക്കം മാത്രമാണ് മരണം. ഒരിക്കൽ മരിക്കയും പിന്നെ ന്യായവിധിയും മനുഷ്യർക്ക് നിയമിച്ചിരിക്കുന്നു (എബ്രാ. 9:27).

**2. വിശ്വാസിക്ക് ആത്മഹത്യാ സാഹചര്യം വരാമോ?**

ഈ ലോകത്തിൽ ശേഷം മനുഷ്യരൊടൊപ്പമാണ് നാമും ജീവിക്കുന്നത്. ലോകത്തിലെ ജീവിതത്തിൽ സുഖവും ദുഃഖവും നാമും അഭിമുഖീകരിക്കുന്നു. രോഗങ്ങൾ, വേദനകൾ, അപകടങ്ങൾ, മരണങ്ങൾ, തീരാരോഗങ്ങൾ, കടബാധ്യതകൾ എല്ലാം വിശ്വാസികളെയും ഒന്നു പോലെ ബാധിക്കുന്നതാണ്. അങ്ങനെയുള്ള പ്രതികൂല സാഹചര്യങ്ങളിൽ നിരാശ കടന്നുവരാൻ സാധ്യതയുണ്ട്. അങ്ങനെയുള്ളപ്പോൾ ഇനി മരിച്ചാൽ മതി എന്നു ഒരിക്കലെങ്കിലും ജീവിതത്തിൽ ചിന്തിക്കാത്തവർ വിരളമാണ്.

സാഹചര്യങ്ങൾ പ്രതികൂലമായി ആർക്കും വരാം. അപ്പോഴാണ് ദുഷ്ടനായ സാത്താൻ അടുത്തു വന്നു ജീവൻ ഒടുക്കിക്കളയാൻ മന്ത്രിക്കുന്നത്. ഒരു ദൈവപൈതലിനു സാത്താന്റെ മന്ത്രവും തന്ത്രവും തിരിച്ചറിയാൻ കഴിയും; തീർച്ചയായും തിരിച്ചറിയാൻ കഴിയണം. അപ്പോഴാണ് ദൈവസഹായം ആവശ്യമായി വരുന്നത്. ഒരു ദൈവപൈതലിനെ ദൈവം തീർച്ചയായും സഹായിക്കും.

ഏലിയാവ് വീരനായ ഒരു പ്രവാചകനായിരുന്നു. അവൻ വീരൻ മാത്രമല്ല ധീരനുമായിരുന്നു. എങ്കിലും അവൻ ഒരു സ്ത്രീയുടെ വാക്കിൽ തളർന്നു പോയി. നാളെ സന്ധ്യക്കു മുമ്പ് ഞാൻ നിന്റെ ജീവനെ എടുക്കും എന്നുള്ള ഇസബേലിന്റെ വാക്കുകൾ കേട്ട് അഗ്നിയുടെ പ്രവാചകൻ ആലില പോലെ വിറച്ചു. അതുവരെ അവനെ ശക്തനാക്കിയ ദൈവത്തിലുള്ള ധൈര്യം കൈവിട്ടു.

സ്വന്തം ജീവൻ രക്ഷിക്കാൻ പ്രാണരക്ഷാർത്ഥം മരുഭൂമിയിൽ ഒരു ചൂരൽ ചെടിയുടെ അടുക്കൽ അഭയം പ്രാപിക്കുന്നു. ഇനി മരിച്ചാൽ മതി. മരണം മാത്രമെ എന്റെ മുന്നിൽ ഉള്ളൂ. ആ സ്ത്രീ ആളയച്ചു കൊല്ലുന്നതിനു മുമ്പ് എനിക്കു മരിക്കണം (1 രാജ. 19:1-8) ഇതായിരുന്നു ഏലിയാവിന്റെ ചിന്ത. അപ്പോഴത്തെ സാഹചര്യത്തിൽ ഏലിയാവ് മാനുഷികമായ നിലയിൽ ചിന്തിച്ചത് തികച്ചും സ്വാഭാവികം.

ഏലിയാവിനു അവിടെ സംഭവിച്ചത് എന്താണ്? അവൻ തന്റെ പ്രാണനെ രക്ഷിക്കാൻ സ്വയം പരിശ്രമിക്കയാണ്. തന്റെ വ്യക്തിപരമായ കാര്യം വന്നപ്പോൾ ദൈവത്തോട് പറയാതെ തന്നിൽ ആശ്രയിച്ചിട്ട് കഴിവില്ലായെന്നു കണ്ടു നിരാശനായി മരിക്കാൻ ആഗ്രഹിക്കുന്നു. നാമും നമ്മുടെ ദയനീയ അവസ്ഥ കണ്ട് സ്വയം നമ്മെ തന്നെ മറന്നു പോകുമ്പോഴാണ് അങ്ങനെയുള്ള തെറ്റായ ചിന്താഗതികൾ മനസ്സിൽ ഓടിയെത്തുന്നത്.

➤➤

➤➤

ദിവ്യമായ സ്വഭാവം അവരിൽ വേരൂന്നുകയും ചെയ്യുന്നു. ദൈവിക സ്വഭാവത്തിന് അവർ പങ്കാളികളായിത്തീരുകയും ചെയ്യുന്നു. അങ്ങനെ അവരുടെ ഹൃദയങ്ങളിൽ പരിശുദ്ധാത്മാവ് വാസം ചെയ്യും.

**4. മാനസാന്തരം ചില പ്രത്യേക ആളുകൾക്കുള്ളതല്ല.**

മാനസാന്തരം ലളിതമായ ഒന്നാകയാൽ ഒരു ചെറുപൈതലിനു പോലും മാനസാന്തരപ്പെടുവാനുള്ള സ്വാതന്ത്ര്യം ഉണ്ട്. സങ്കീർത്തനക്കാരന്റെ ഭാഷയിൽ പറഞ്ഞാൽ ജീവനുള്ളതൊക്കെയും യഹോവയെ സ്തുതിക്കട്ടെ എന്നു പറഞ്ഞാൽ മാനസാന്തരപ്പെട്ട ഒരുവന്റെ സ്തുതി സ്തോത്രമേ ദൈവം സ്വീകരിക്കുകയുള്ളൂ. മാനസാന്തരത്തിന്റെ മാർഗ്ഗം വളരെ ലളിതമാണ്. അതുകൊണ്ട് വഴിപോക്കർ, യാചകർ ഇവർക്കൊക്കെ സ്വാതന്ത്ര്യം ഉണ്ട്. ഈ അനുഭവം ജീവനുള്ളവർക്കെല്ലാം, ധനവാൻ, ദരിദ്രൻ, പണ്ഡിതൻ, പാമരൻ ഇവർക്കെല്ലാവർക്കും ഒരു പോലെ സാധ്യമാണ്.

**5. മാനസാന്തരപ്പെട്ട വ്യക്തി എന്തെല്ലാം ഉപേക്ഷിക്കണം.**

മാനസാന്തരപ്പെട്ട വ്യക്തി മുമ്പ് സ്നേഹിച്ചവയെല്ലാം ഉപേക്ഷിക്കണം. മുൻപുണ്ടായിരുന്ന പഴയ സ്വഭാവക്കാരായ സ്നേഹിതരെ ഉപേക്ഷിക്കണം.

മുമ്പുണ്ടായിരുന്ന നിഗള സ്വഭാവം മാറ്റണം. സ്ഥാനവും മാനവും വേണമെന്നുള്ള പഴയ ആഗ്രഹം ഉപേക്ഷിക്കണം. ഹൃദയത്തിൽ അസൂയ പാടില്ല. പക, അതൃപ്തി, വിദ്വേഷം, നീരസം ഇവയിൽ നിന്നു വേർപെട്ടിരിക്കണം. ഹൃദയത്തിൽ ഉള്ള പഴയ അസത്യവും കപടഭക്തിയും വിട്ടു കളയണം. പാപം ചെയ്തു എന്നു ബോധ്യം വന്നാൽ ഉടനെ തന്നെ അനുതപിച്ച് മാനസാന്തരപ്പെടണം. നമ്മുടെ പ്രകൃതിക്ക് ആകെ ഒരു മാറ്റം ഉണ്ടാവണം. സ്വർഗ്ഗീയ രാജാവിന്റെ കുടുംബത്തിലെ അംഗമായിത്തീർന്നിരിക്കയാൽ അതനുസരിച്ച് ജീവിതത്തെയും ക്രമപ്പെടുത്തണം. ദൈവികകുടുംബത്തിലേക്കു നമ്മെ ദത്തെടുത്തിരിക്കുകയാണ്. നമ്മെ ലോകസ്ഥാപനത്തിനു മുമ്പു തന്നെ അവനിൽ തിരഞ്ഞെടുക്കുകയും "തിരുഹിതത്തിന്റെ പ്രസാദപ്രകാരം യേശുക്രിസ്തു മുഖാന്തരം നമ്മെ ദത്തെടുക്കേണ്ടതിന് മുന്നിയമിക്കുകയും ചെയ്തു." (എഫെ. 1:5-6)ൽ നമ്മുടെ ജീവിതത്തിൽ വന്ന മാറ്റം നമ്മോടു ഇടപെടുന്നവർ അറിഞ്ഞിരിക്കണം. സഭയിൽ ആത്മികാഭിവൃദ്ധി കുറവാണെങ്കിൽ എല്ലാവരും മാനസാന്തരപ്പെടുക. കർത്താവു പറഞ്ഞിട്ടുള്ളതു ശ്രദ്ധിക്കുക: "മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെതന്നെ നശിച്ചു പോകും." വേദപുസ്തകത്തിൽ പറഞ്ഞിട്ടുള്ള ഭാഗത്തെല്ലാം മാനസാന്തരം ഒരു കല്പനയായിട്ടത്രെ പറയുന്നത്.

പ്രിയമുള്ളവരേ, ദൈവത്തെയും ദൈവകല്പനകളെയും നമുക്ക് അനുസരിക്കാം. "അവന്റെ കല്പനകളെ പ്രമാണിക്കുന്നു എങ്കിൽ നാം അവനെ അറിഞ്ഞിരിക്കുന്നു എന്ന് അതിനാൽ അറിഞ്ഞിരിക്കുന്നു. (1 യോഹ 2:3). ലോകത്തിൽ നിന്നും ലോകക്കാരിൽ നിന്നും ഒരു വേർപാട് വേണം., ഒരുവൻ ലോകത്തെ സ്നേഹിക്കുന്നു എങ്കിൽ അവനിൽ പിതാവിന്റെ സ്നേഹം ഇല്ല (1 യോഹ. 2:15)., നാം മരണം വിട്ട് ജീവനിൽ കടന്നിരിക്കുന്നു എന്ന് സഹോദരനെ സ്നേഹിക്കുന്നതിനാൽ നമുക്ക് അറിയാം (1 യോഹ. 3:14).

വീണ്ടും ജനിക്കുന്ന ഒരു ദൈവപൈതലിനു താഴെ കാണുന്ന ഫലങ്ങളുണ്ട്.

- നമ്മുടെ ദർശനവും തിരിച്ചറിവും കഴിവും വികസിക്കുന്നു. ഇരുട്ടിൽ നിന്ന് പ്രകാശത്തിലേക്ക് വരണം. യേശുകർത്താവിന്റെ മുഖത്തിലുള്ള ദൈവതേജസ്സ് പരിജ്ഞാനം ഇവ നമ്മിലും വിളങ്ങണം (2കൊരി. 4:6)
- നിങ്ങളുടെ ഹൃദയ ദൃഷ്ടി പ്രകാശിച്ചിട്ട് ഒരു പരിവർത്തനം ഉണ്ടാവുന്നു.
- കർത്താവ് നമുക്ക് പുതിയൊരു ഹൃദയം തരും. പുതിയൊരു ആത്മാവിനെ നിങ്ങളുടെ ഉള്ളിൽ ആക്കും. കല്ലായുള്ള ഹൃദയം നിങ്ങളിൽ നിന്നും മാറ്റി മാംസമായുള്ള ഹൃദയം കർത്താവു നൽകും. (യെഹ. 36:26) നോക്കുക.
- പുതിയ സ്വഭാവം നമുക്കു ലഭിക്കുന്നതോടെ നാം ദൈവത്തെ കൂടുതൽ സ്നേഹിക്കുകയും ദൈവിക കാര്യങ്ങളിൽ കൂടുതൽ താല്പര്യം കാണിക്കുകയും ചെയ്യും.

പ്രിയമുള്ളവരേ സമാധാനത്തിന്റെ ദൈവം നമ്മെ തന്റെ ഇഷ്ടം ചെയ്‌വാൻ തക്കവണ്ണം എല്ലാ നന്മയിലും യഥാസ്ഥാനപ്പെടുത്തി ദൈവത്തിനു പ്രസാദമുള്ളത് നമ്മിലൂടെ യേശുക്രിസ്തു മുഖാന്തരം നിവർത്തിക്കുമാറാകട്ടെ. സഭകളിൽ ആത്മീയ അന്തരീക്ഷവും ഉണർവ്വും ഉണ്ടാകുമാറാകട്ടെ. വലിയവനായ ദൈവം നമ്മെ അതിനായി സഹായിക്കട്ടെ. ആമേൻ.

കവിത

## വഴിത്തിരിവ്

സുനി ജോബി അങ്കമാലി

മായയാം ലോകത്തിന്റെ മോഹങ്ങളും പേറി
നാളുകളെത്ര ഞാൻ വ്യർത്ഥമാക്കി പരാ
അല്ലലറിഞ്ഞില്ല അഴലുമറിഞ്ഞില്ല
ആയിരം സങ്കൽപ്പസൗധം പണിഞ്ഞു.
കേട്ടു ഞാനെവിടെയോ ദൈവമുണ്ടെന്ന്
കേഴുന്നവന്നവൻ മാറ്റുമെന്ന്.
കാതിനു തോന്നിയില്ലാ രസംതെല്ലുമേ
കാതലാം സത്യമതേറ്റിടുവാൻ.
ആരു നയിച്ചിടും ആരു വഹിച്ചിടും
എന്നൊരു വേള ഞാൻ ചിന്തിച്ച നേരം
ആരോ മൊഴിയുന്നു ചാരത്തു നിന്ന്
അവനാണു സത്യവും മാർഗ്ഗവുമെന്ന്.
ഹൃദയത്തിൻ വാതിൽ തുറന്നു ഞാനവനായി
ഹൃദ്യമായോതി താൻ സ്നേഹിക്കുന്നെന്ന്
ഹൃത്തടമാകെ നിറച്ചു ഞാനാ സ്നേഹം
ഹാ എന്തു സൗഭാഗ്യമെന്തു മോദം
അന്തരാത്മാവിന്റെ ചിന്തകളൊക്കെയും
അങ്ങേയ്ക്കു മാത്രമായ് മാറിയെൻ ജീവനിൽ
ആഴമാമലിവിന്റെ നിറവറിഞ്ഞു ഞാൻ
അറിയുന്നീ ഭൂമിയിൽ ഞാനെന്തു ധന്യൻ!
മോഹമേ നീയെന്റെ മാറിൽ മയങ്ങേണ്ട
മായയാം വർണ്ണത്താൽ മാടി വിളിക്കേണ്ട
മറയുന്ന ലോകത്തിൻ സ്ഥാനവും മാനവും
വേണ്ടിനി ലോകം വെറുത്തു ഞാനോടുന്നു.

# ബൈബിൾ ക്വിസ് -36

## ന്യായാധിപന്മാർ

1. കിര്യത്ത് - സേഫർ ജയിച്ചടക്കുന്നവനു എന്തു കൊടുക്കും എന്നു കാലേബ് പറഞ്ഞു?
2. സ്തൂലിച്ച ശരീരമുണ്ടായിരുന്ന രാജാവാര്?
3. യിസ്രായേലിനെ ന്യായപാലനം ചെയ്ത പ്രവാചകി ആര്?
4. 1100 വെള്ളിപ്പണം മടക്കികൊടുത്തപ്പോൾ 200 കിട്ടി. ആർക്ക്?
5. ശിംശോന്റെ ജന്മസ്ഥലം ഏത്?
6. യാബീന്റെ സേനാപതി ആര്?
7. മോശെ കല്പിച്ചതുപോലെ ഹെബ്രോൻ ലഭിച്ചതാർക്ക്?
8. എഗ്ലോന്റെ ഭൃത്യന്മാർ അവനെ കാത്തിരുന്ന സമയം കൊണ്ട് ഏഹൂദ് ഓടി എത്തിയ സ്ഥലം ഏത്?
9. "നിനക്കു സമാധാനം, ഭയപ്പെടേണ്ട, നീ മരിക്കയില്ല" ആര് ആരോടു പറഞ്ഞു?
10. ആര് ആരോടു പറഞ്ഞു: "സമാധാനത്തോടെ പോകുവിൻ നിങ്ങൾ പോകുന്ന യാത്ര യഹോവയ്ക്കു സമ്മതം തന്നേ."

ബൈബിൾ റഫറൻസ് സഹിതം ഉത്തരങ്ങൾ P.P.George, Post Box No. 91, Angamali 683 572 എന്ന വിലാസത്തിൽ അയയ്ക്കുക.ചോദ്യങ്ങൾ പ്രസിദ്ധീകരിച്ച തീയതികഴിഞ്ഞ് 20 ദിവസത്തിനകം ഉത്തരങ്ങൾ ലഭിച്ചിരിക്കണം. ഉത്തരങ്ങൾ അയയ്ക്കുന്നവർ ക്വിസ് നമ്പരും തങ്ങളുടെ പൂർണ്ണ മേൽവിലാസവും ഫോൺ നമ്പരും കത്തിൽ രേഖപ്പെടുത്തണം.

### ക്വിസ് നമ്പർ 32 ശരിയുത്തരം

1. ചുവപ്പ് ചരട് (2:17, 18:31), 2. ഏഴ് (6:4-6), 3. 31 (12:24), 4. ഹെബ്രോൻ മല (14:13), 5. 2000 മുഴം(3:4), 6. യോശുവയും കൂട്ടരും (8:15), 7. യോശുവ (10:12) യുദ്ധം ചെയ്യാൻ വെളിച്ചം കിട്ടാൻ, 8. യോശുവ രൂബേന്യരോടും ഗാദ്യരോടും മനശ്ശെയുടെ പാതി ഗോത്രത്തോടും (1:13), 9. അക്സ കാലേബിനോട് (15:19), 10. യഹോവ യോശുവയോട് (7:10).

### ശരിയുത്തരം അയച്ചവർ

Gracy Vincent Thammanam, Aleyamma George Kanam, Michael Abraham Veli, Hephzeeba Daniel Koratty, Mary George Ranny, Aleyakutty Thomas Pappanamkode, Niju Thomas Kattappana, Annamma Joseph Uthimood, Mariamma Thomas Kunnandanam, Saly Thomas Sreekaryam, Nicey Renji Keerikkad, P.A. Abraham Kariamplave, Annamma Baby Ponkunnam, Sheeba Jannet Bangalore, Molly Zacharia Velloor, Mary George Mannuthy, Spurjan K. J. Russelpuram, Gracy Varghese Nellikunnu, Suseela Biju Cheppad, Bindhu Samu Pengamuck, Alice Korah Puthupally, Kunjamma Moses Elanthoor, Kochumartha George Nellikunnu, Susy Valsan, Thrikkakara, Lissy V. George Nellimala, Simy Syras Gujarath, Philomol K. Varghese Chittoor, Rachel Maneesh Wadakkanchery, Sabu Samuel Mavelikkara, Esther K. Varghese Perinthalmanna, Leela Johnson Elankunnapuzha, Jeemon Daniel Mallappally, Shiny santhosh Baroda, Sam Kizhavaramannil Mumbai, Susamma Abraham Kariamplave, Jane Mathew Dhoni, Anu Johnson Baroda, Christeena D. Cheppad, Alin Sara Sam Adoor, P.J. Mathew New Delhi, T.C. Pathrose Angamaly, Mercy Aliya Peter Walayar, Shiji Anil Chirayinkeezhu, Ponnamma Raju Sharjah, Darley Samuel Chennai, Tyne Prince Bangalore, Leela Kochappu Ezhupunna, P.K. Georgekutty Kadathy, Grace John Mathew Ajman.

---

➤➤

ഏലിയാവ് പെട്ടെന്ന് ദൈവത്തിൽ ആശ്രയിച്ചു. ദൈവം അവനെ സഹായിക്കാൻ തന്റെ ദൂതനെ അയയ്ക്കുന്നതായി നമുക്കു കാണാം. ആത്മഹത്യയുടെ വക്കിൽ എത്തി എന്നാൽ ദൈവം അവനെ അനുവദിച്ചില്ല. തന്റെ ദൂതനെ അയച്ചു രക്ഷിച്ചു. ഒരിക്കലും ദൈവപൈതലിനെ നിർണ്ണായക ഘട്ടങ്ങളിൽ രക്ഷിക്കാതിരിക്കയില്ല.

പ്രതിസന്ധികളുടെ മധ്യത്തിൽ മോശെ, യോന തുടങ്ങിയവർ മരിച്ചാൽ മതി എന്നു ചിന്തിച്ചവരും ദൈവത്തോടു പ്രാർത്ഥിച്ചവരുമാണ്. പഴയ നിയമ പിതാക്കന്മാരുടെ ചരിത്രം പരിശോധിച്ചാൽ മരണം മാത്രമാണ് പ്രതിവിധി എന്നു കണ്ട നിമിഷങ്ങളിലെല്ലാം ദൈവം അവരെ വിടുവിച്ചിട്ടുണ്ട്. ആ ദൈവം ഏതു കാലത്തും തന്റെ മക്കളെയും വിടുവിക്കാൻ ശക്തനാണ്.

**3. വിശ്വാസി ആത്മഹത്യ ചെയ്യാമോ?**

വിശ്വാസി എന്ന ലേബലിൽ അറിയപ്പെട്ട അപൂർവ്വം ചിലരും ആത്മഹത്യ ചെയ്തവരുടെ പട്ടികയിൽ വന്നിട്ടുണ്ടെന്നത് ദുഃഖകരമായ വസ്തുതയാണ്. തിരുവചനത്തിൽ പരിശോധിച്ചാൽ അവൻ ശരിയായ വിശ്വാസിയാണെങ്കിൽ ആത്മഹത്യ ചെയ്യുകയില്ല. സാഹചര്യങ്ങൾ കടന്നു വരാം. ആ സന്ദർഭത്തിൽ തക്ക സമയത്ത് ദൈവം തന്റെ ദൂതന്മാരെ അയച്ച് സഹായിക്കും. ദൂതന്മാർ ഒരുപക്ഷെ കൂട്ടുസഹോദരന്മാർ, വിശ്വാസികൾ, സഭയിലെ സുവിശേഷകൻ, മൂപ്പന്മാർ, ആരും ആകാം. അല്ലായെങ്കിൽ ആരിൽകൂടിയെങ്കിലും തിരുവചനം കേട്ടിട്ടാകാം. അല്ലായെങ്കിൽ സ്വയം ആ സമയം ദൈവവചനം വായിക്കുന്നതു മൂലം ദൈവം സംസാരിച്ചോ ആകാം. ഏതു നിലയിലായാലും ഒരു ദൈവപൈതലിനെ അവൻ ആത്മഹത്യ ചെയ്യാതെ കർത്താവ് രക്ഷിച്ചിരിക്കും.

എത്ര വലിയ വിശ്വാസി എന്നു പറഞ്ഞാലും അവന്റെ അന്ത്യം ആത്മഹത്യയാണെങ്കിൽ അവൻ



**സാഹചര്യങ്ങൾ പ്രതികൂലമായി ആർക്കും വരാം. അപ്പോഴാണ് ദുഷ്ടനായ സാത്താൻ അടുത്തു വന്നു ജീവൻ ഒടുക്കിക്കളയാൻ മന്ത്രിക്കുന്നത്.**

രക്ഷിക്കപ്പെട്ടവനല്ല. രക്ഷിക്കപ്പെട്ടവൻ എന്നു പറഞ്ഞു നമ്മുടെ കൂടെ നടന്ന യൂദയെപ്പോലെയുള്ള കള്ളൻ എന്നു തന്നെ ആ വ്യക്തിയെക്കുറിച്ച് മനസ്സിലാക്കണം. അങ്ങനെ മരിക്കുന്നവൻ അന്ത്യന്യായവിധി ദിവസം ദൈവത്തോട് കണക്കു പറഞ്ഞ് നരകത്തിലേക്ക് പോകും.

ദൈവമക്കൾ പ്രതിസന്ധികളുടെ മധ്യത്തിൽ വേദനയുടെയും പ്രയാസങ്ങളുടെയും മധ്യത്തിൽ തളർന്നു പോകാതെ സർവ്വശക്തനായ ദൈവത്തിൽ തന്നെ ആശ്രയിച്ച് ഈ പരദേശ പ്രയാണം കഴിക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ. ●

## വയനാട് സെന്റർ പ്രവർത്തനം

**അമ്പലവയൽ:** കൃഷ്ണഗിരി ഏബനേസർ ബ്രദറൺ സഭയോടുള്ള ബന്ധത്തിൽ ജൂലൈ 24-ന് വൈ.എം.ഇ.എഫ്. ഏകദിന പ്രവർത്തനം നടന്നു. വയനാട്ടിലെ സ്ഥലം സഭകളിൽ നിന്നുള്ള അനേക സഹോദരന്മാർ വന്നു. കാലാവസ്ഥയുടെ പ്രതികൂലങ്ങളുടെ നടുവിലും പ്രവർത്തനം അനുഗ്രഹമായി നടന്നു. രാവിലത്തെ ഭവന സന്ദർശനത്തിന് ശേഷം ഉച്ചകഴിഞ്ഞ് ബൈബിൾ ക്ലാസ്സ് ഉണ്ടായിരുന്നു. "ക്രിസ്തു സ്വന്ത വായ്കൊണ്ട് താൻ ദൈവമെന്ന് പറഞ്ഞിട്ടുണ്ടോ"? എന്ന ചോദ്യത്തിന് തിരുവെഴുത്തിൽ നിന്നുള്ള തെളിവുകൾ നിരത്തി സുവിശേഷകൻ അനിൽ എസ്. അമ്പലവയൽ ക്ലാസ്സെടുത്തു. ഓഗസ്റ്റ് മാസത്തെ പ്രവർത്തനം സുവി. ഗോഡ്സൺ വാലയിൽ പ്രവർത്തിക്കുന്ന മേപ്പാടിയിൽ നടക്കുന്നതാണ്. ഈ പ്രവർത്തനങ്ങളുടെ അനുഗ്രഹത്തിനായി എല്ലാ ദൈവമക്കളും പ്രാർത്ഥിക്കുക.

സുവി. അനിൽ എസ്. അമ്പലവയൽ (സെക്രട്ടറി) 9747075511

## പ്രാർത്ഥനയ്ക്ക്

കണ്ടൻപേരൂർ ബ്രദറൺ സഭാ സുവിശേഷകൻ റ്റി.എ. തോമസ് (ടോംകുട്ടി) ഇലന്തൂർ, ഒരു ബൈക്കപകടത്തെത്തുടർന്ന് കോഴഞ്ചേരി മുത്തൂറ്റ് ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്നു.

തലയ്ക്കും മുഖത്തിനും ഏറ്റിരിക്കുന്ന ക്ഷതം പൂർണ്ണമായി സൗഖ്യമാകുന്നതിന് ദൈവജനത്തിന്റെ ശ്രദ്ധയേറിയ പ്രാർത്ഥന ആവശ്യമാണ്.

സജി ജോൺ

## സുവിശേഷകനായി സഭയുടെ അംഗീകരണം

**പട്ടാമ്പി:** ഈ സ്ഥലം സഭയുടെ ആരംഭകാലം മുതൽ സഭാകാര്യങ്ങളിലും, ശുശ്രൂഷകളിലും പ്രവർത്തനങ്ങളിലും സജീവമായുള്ള ആളാണ് സഹോദരൻ സി.കെ. ജോസ്. പൂർണ്ണസമയവും സുവിശേഷകനായി പ്രവർത്തിപ്പാൻ ദൈവാത്മാവ് പ്രകാശവും പ്രേരണയും നൽകിയതായി സഭയിൽ സാക്ഷ്യം പറയുകയും ആഗ്രഹം അറിയിക്കുകയും ചെയ്തതിന്റെ വെളിച്ചത്തിലും, സുവിശേഷവേലയോടുള്ള തന്റെ ഉത്സാഹവും സമർപ്പണവും സ്ഥലം സഭയ്ക്കു ബോധ്യപ്പെട്ടതിനാലും സഹോദരനെ പൂർണ്ണ സമയം സുവിശേഷവേലക്കാരനായി സ്ഥലം സഭ അംഗീകരിച്ചിരിക്കുന്നു.

ഒരു സുവിശേഷവേലക്കാരനായി സഹോദരനെ ദൈവജന സമക്ഷം പരിചയപ്പെടുത്തുന്നതിൽ സഭയ്ക്ക് അതിയായ സന്തോഷമുണ്ട്. പ്രിയ സഹോദരനെയും പ്രവർത്തനത്തെയും കുടുംബത്തെയും ദൈവജനത്തിന്റെ പ്രാർത്ഥനയിൽ ഓർക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്താലും.

വിലാസം: C.K. Jose, Cheeran House, Kalpaka Street, P.O. Mele Pattambi - 679 306 Palakkad Dt, Kerala, India

പി.കെ. തോമസ്, ബിജോയ് സി. ജോസ്, രമേഷ്

# മഹത്വത്തിൽ

**മല്ലപ്പള്ളി:** ചേറ്റുതടത്തിങ്കൽ തോമസ് ഏബ്രഹാം (കുഞ്ഞുതോമാച്ചൻ -84) ഓഗസ്റ്റ് 2 ന് കർത്തൃസന്നിധിയിലേക്ക് പ്രവേശിച്ചു. ഭൗതിക ശിരീരം ഓഗസ്റ്റ് 6 ന് മല്ലപ്പള്ളിവെസ്റ്റ് ബ്രദറൺ സഭാ സെമിത്തേരിയിൽ സംസ്ക്കരിച്ചു. ദു:ഖത്തിൽ കഴിയുന്ന കുടുംബാംഗങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുക.



**തണ്ണിത്തോട്:** ബ്രദറൺ സഭാംഗമായ തേമ്പാവുനിൽക്കുംമണ്ണിൽ പരേതനായ തോമസിന്റെ ഭാര്യ ഏലിയാമ്മ തോമസ് (59) ജൂലൈ 25-ാം തീയതി താൻ പ്രിയം വച്ചിരുന്ന കർത്തൃസന്നിധിയിലേക്ക് ചേർക്കപ്പെട്ടു. സ്ഥലം സഭയോടുള്ള ബന്ധത്തിൽ വളരെ അനുഗ്രഹത്തോടെ നിന്നിരുന്ന ഒരു സഹോദരിയായിരുന്നു. 26-ാം തീയതി അനേക ദൈവമക്കളുടെയും ദൈവദാസന്മാരുടെയും സാന്നിധ്യത്തിൽ ഉയിർപ്പിൻ പൊൻപുലരിയിലേക്ക് തണ്ണിത്തോട് ബ്രദറൺ സെമിത്തേരിയിൽ സംസ്കരിച്ചു.

**********************************************

## തമിഴ് നാട്ടിൽ പുതിയ പ്രവർത്തനം

**അത്തിമാൻചേരി പെട്ട് (തമിഴ്നാട്):** കഴിഞ്ഞ 22 വർഷങ്ങൾ ചെത്തയിൽ (ആലപ്പുഴ) സുവിശേഷ പ്രവർത്തനത്തോടുള്ള ബന്ധത്തിൽ ആയിരിക്കുവാൻ ദൈവം കൃപ നൽകി. എന്നാൽ ഇപ്പോൾ തമിഴ്നാട്ടിൽ വെല്ലൂരിൽ നിന്ന് 60 കിലേമീറ്റർ മാറി അത്തിമാൻചേരി പെട്ട് എന്ന് സ്ഥലത്ത് പ്രവർത്തിച്ചു വരുന്നു. 2012 സെപ്റ്റംബർ 23 ഇവിടെ ഒരു സഭാ കൂടിവരവ് ആരംഭിക്കുവാൻ കഴിഞ്ഞു. 2013 ജൂലൈ 16,17,18 തീയതികളിൽ എബനേസ്സർ ഗോസ്പൽ മിനിസ്ട്രീസിന്റെ (വാളകം) സഹകരണത്തിൽ അത്തിമാൻചേരി പെട്ടിലും ചുറ്റുമുള്ള 16 ഗ്രാമങ്ങളിലും പരസ്യയോഗങ്ങളും ഭവന സന്ദർശനവും നടത്തുവാൻ കഴിഞ്ഞു. സഹോ. ജയിംസ് തോട്ടപ്പള്ളി ഗാനശുശ്രൂഷയ്ക്ക് ഉണ്ടായിരുന്നു. പല ഗ്രാമങ്ങളിലും ആളുകൾ രക്ഷിക്കപ്പെടുവാൻ ഇടയായിട്ടുണ്ട്. 17-ാം തീയതി വെങ്കിട്ടാപുരം ഗ്രാമത്തിൽ ക്രമീകരിച്ചിരുന്ന കുട്ടികൾക്കായുള്ള മീറ്റിംഗുകളിൽ സഹോ. ബില്ലി., പി. ജേക്കബ് വചന ശുശ്രൂഷ നിർവ്വഹിക്കുകയും 10 പേർ രക്ഷിക്കപ്പെടുകയും ചെയ്തു. ഇവരുടെ നിലനില്പിന്നായി പ്രാർത്ഥിച്ചാലും. സഹോ. ബില്ലി പി. ജേക്കബ് (സിലിഗുഡി), കെ.ജെ. ജോർജ്ജ്, കെ.ജെ. ഷാബു (വാളകം) ജോൺ ജോസഫ് (മണർകാട്), ജെയിംസ് തോട്ടപ്പള്ളി, കുര്യൻ കെ.തോമസ് (കല്ലിശ്ശേരി), യേശുദാസ്, സെൽവം (ദേവികുളം) പി.വി. ജോൺസൺ (തിരുവാംകുളം) എന്നീ സഹോദരന്മാരും തമിഴ്നാട്ടിൽ നിന്നുള്ള സുവിശേഷകന്മാരും സഹോദരന്മാരും പ്രവർത്തനത്തിൽ സഹകരിച്ചു. അധികം വൈകാതെ വെങ്കിട്ടാപുരം ഗ്രാമത്തിലും ഒരു സഭാ കൂടിവരവ് ആരംഭിക്കുവാൻ ആഗ്രഹിക്കുന്നു. ഇവിടെയുള്ള സഭയെയും പ്രവർത്തനങ്ങളെയും പ്രാർത്ഥനയിൽ ഓർത്താലും.

Address: George Mathew (Chethy), C.G. Home Door No. 982, Pandyans Building 111rd Floor, Bharathi Nagar 1st Street, Athimanjeri Pet. P.O., Thiruvallur. Pin; 631 202, T.N. Mob: 09944037355

ജോർജ്ജ് മാത്യു, ചെത്തി

## കോയമ്പത്തൂരിൽ മലയാളത്തിൽ ആരാധന സൗകര്യം

**കോയമ്പത്തൂർ:** പഠനത്തിനും തൊഴിലിനുമായി കോയമ്പത്തൂർ നഗരത്തിൽ വന്നു പാർക്കുന്ന യുവതീയുവാക്കൾക്കായി മലയാളത്തിൽ ആരാധന സൗകര്യം ഒരുക്കിയിരിക്കുന്നു. ചുരുങ്ങിയ കാലത്തിനിടയിൽ അനേകം യുവതിയുവാക്കൾ ഈ ശുശ്രൂഷ മുഖാന്തരം അനുഗ്രഹിക്കപ്പെട്ട് സ്വഭവനങ്ങളിലേക്കു മടങ്ങിപ്പോയിട്ടുണ്ട്. കോയമ്പത്തൂരിൽ ഗാന്ധിപുരത്തുള്ള പ്രധാന ബസ് സ്റ്റാൻഡിൽ നിന്ന് നടന്നു വരാൻ മാത്രം ദൂരത്തിൽ നഗരമധ്യത്തിലാണ് ഈ ആരാധനാലയം. യുവജനങ്ങളുടെ മധ്യേ പ്രയോജനപ്പെട്ടുകൊണ്ടിരിക്കുന്ന സഹോദരൻ ജിബി ബേബിയും കുടുംബവും ഇപ്പോൾ ഇവിടെയുള്ള ശുശ്രൂഷകൾ നിർവ്വഹിക്കുന്നു. ഈ സഭയിൽ 50-ഓളം പേർ ആരാധനയോഗത്തിൽ പങ്കെടുത്തു വരുന്നു. ഇതിൽ നല്ലൊരു പങ്കും യുവജനങ്ങളാണ്.

ഇവിടെ വന്നു പാർക്കുന്ന യുവജനങ്ങളുടെ ആത്മികാവശ്യങ്ങളോട് ഞങ്ങൾക്ക് വളരെ ഭാരവും പ്രതിബദ്ധതയുമുണ്ട്. യുവജനങ്ങളുടെ ആത്മികവളർച്ചയ്ക്കു സഹായമാകുന്ന പ്രത്യേക പരിപാടികളും തയ്യാർ ചെയ്തിരിക്കുന്നു. ആയതിനാൽ യുവജനങ്ങളെ ഈ സഭയിലേക്ക് സ്വാഗതം ചെയ്യുന്നതിൽ ഞങ്ങൾക്ക് വളരെ സന്തോഷമാണ്. ഈ പ്രവർത്തനത്തെ ഓർത്ത് പ്രാർത്ഥിക്കുമല്ലോ

കൂടുതൽ വിവരങ്ങൾക്ക്:

9446015497, 0944341936, 09790383532

കെ.ജെ. റജി, എം.സി. റോയി

Tiruvalla Medical Mission
PB No. 74, Thiruvalla – 689101
Ph: 0469 2626104, Email: tmmhosp@satyam.net.in
ADMISSION 2013 - 14
Diploma in Medical Records Technology
Diploma in Anaesthesia Technology
Diploma in Laboratory Technology
Two Year Courses Recognized by CMAI, New Delhi

➤ 1-ാം പേജിൽ നിന്നും തുടർച്ച

## ഞാൻ വാതില്ക്കൽ...

വാനും, നിർഭാഗ്യനും, അരിഷ്ടനും, കുരുടനും നഗ്നനും ആണ് (3:16,17). കർത്താവ് അവനോട് മാനസാന്തരപ്പെടുവാൻ ആഹ്വാനം ചെയ്യുന്നു. ക്രിസ്തുവുമായി സജീവ ബന്ധമില്ലാത്ത ആത്മീയത കാറ്റു പോയ ബലൂൺ പോലെയോ, നൂല് പൊട്ടിയ പട്ടം പോലെയോ ആണ്. മറ്റുള്ളവർ നമ്മെ നോക്കി വിശ്വാസിയെന്നൊക്കെ പറയുമായിരിക്കും. പക്ഷേ ദൈവ മുമ്പിൽ അവസ്ഥ ബലഹീനം ആണ്. തുടർച്ചയായ പരാജയങ്ങളിലേക്കും അവസാനം വലിയ പതനത്തിലേക്കും അത് നമ്മെ നയിക്കും. ആ വിധം വിശ്വാസി വീഴുവാൻ ആഗ്രഹിക്കാത്ത കർത്താവ് അവനെ തിരികെ നേടാൻ നടത്തുന്ന ശ്രമം ആണ് ഈ മുട്ടിവിളി.

**6.** ആ വാക്യത്തിന്റെ ശൈലി പ്രയോഗം വളരെ മനോഹരമാണ്. കർത്താവ് താനാകുന്നു മുട്ടുന്നത് എന്നു വിളിച്ചു പറഞ്ഞുകൊണ്ടാണ് മുട്ടുന്നത്. അവന്റെ ശബ്ദം തിരിച്ചറിയത്തക്കവണ്ണം ഉറക്കെവിളിച്ചു പറഞ്ഞുകൊണ്ടു മുട്ടുന്നു. "എന്റെ ആടുകൾ എന്റെ ശബ്ദം കേൾക്കുന്നു. ആടുകൾ എത്ര ദൂരത്തായാലും, തമ്മിലടിയാണെങ്കിലും ഇടയന്റെ ശബ്ദം തിരിച്ചറിയുന്നു (യോഹ. 10:26). ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ കണ്ടപ്പോൾ മറിയ ആദ്യം കരുതിയത് അത് തോട്ടക്കാരനാണെന്നാണ്. എന്നാൽ തന്റെ പേർ ചൊല്ലി അവൻ വിളിച്ചപ്പോൾ അവൾ അവനെ തിരിച്ചറിഞ്ഞു (യോഹ. 20:16). ആത്മിക പരാജയത്തിന്റെ വേളകളിൽ, പിന്മാറ്റത്തിന്റെ കുഴിയിൽ വീഴുന്ന സമയങ്ങളിൽ ക്രിസ്തുവിന്റെ പേർ ചൊല്ലിയുള്ള വിളി കേൾക്കാൻ കഴിഞ്ഞാൽ... നീ കേൾക്കത്തക്ക വണ്ണമാണ് ക്രിസ്തു വിളിക്കുന്നത്. അത് കേൾക്കാതെ പോകുന്നത് ദുരന്തം ആണ്.

**7.** എത്ര പ്രാവശ്യം മുട്ടിവിളിക്കും? അനേക പ്രാവശ്യം എന്നതാണ് ശരി. യരുശലേമിനോടുള്ള ബന്ധത്തിൽ ഒരു ദൃഷ്ടാന്തം കാണാം (മത്താ. 23:37). യെരുശലേമിനെ നോക്കി കരഞ്ഞു കൊണ്ടു പറയുന്നു, "കോഴി തന്റെ കുഞ്ഞുങ്ങളെ ചിറകിൻ കീഴിൽ ചേർക്കും പോലെ നിന്റെ മക്കളെ ചേർത്തുകൊൾവാൻ എനിക്ക് എത്രവട്ടം മനസ്സായി നിങ്ങൾക്കോ മനസ്സായില്ല" എത്രയോവട്ടം അവൻ അവരെ മുട്ടി വിളിച്ചു. എത്രയോവട്ടം അവൻ ക്ഷമിക്കാൻ തയ്യാറായി. എത്രവട്ടം ക്ഷമിക്കണം എന്ന ചോദ്യത്തിന് ഏഴ് എഴുപത് വട്ടം എന്ന് പറയുമ്പോൾ അത് കർത്താവിന്റെ തന്നെ സ്വഭാവമാണ്. ദീർഘക്ഷമ തന്റെ മുഖമുദ്രയാണ്. ഫലം കൊടുക്കാത്ത വൃക്ഷം വെട്ടിമാറ്റാൻ കല്പിക്കുമ്പോൾ ദാസൻ ഒരവസരം കൂടി അതിന് നല്കാൻ അപേക്ഷിക്കുന്നത് മുട്ടിവിളിക്കലിന്റെ മറ്റൊരു ചിത്രമാണ്. റോമർ 2:4,5-ൽ ദൈവത്തിന്റെ ദയ, ക്ഷമ, ദീർഘക്ഷാന്തി എന്നിവയുടെ ഐശ്വര്യത്തെ നിരസിക്കുന്നുവോ എന്ന ചോദ്യം ഒരു മുന്നറിയിപ്പു കൂടിയാണ്.

> **എത്രവട്ടം ക്ഷമിക്കണം എന്ന ചോദ്യത്തിന് ഏഴ് എഴുപത് വട്ടം എന്ന് പറയുമ്പോൾ അത് കർത്താവിന്റെ തന്നെ സ്വഭാവമാണ്. ദീർഘക്ഷമ തന്റെ മുഖമുദ്രയാണ്.**

**8.** ക്രിസ്തു വാതിൽക്കൽ നിന്ന് മുട്ടി വിളിക്കുമ്പോൾ എങ്ങനെയാണ് അവന്റെ പ്രകൃതം. ഉത്തമഗീതം 5:2-ൽ കാണുന്നത് "എന്റെ ശിരസ്സ് മഞ്ഞുകൊണ്ടും കുറുനിരകൾ രാത്രിയിൽ പെയ്യുന്ന തുള്ളികൊണ്ടും നനഞ്ഞിരിക്കുന്നു." ഗത്ശമനയിലെ ക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങളുടെ നേർ ചിത്രം ആണിത്. ആ തണുപ്പിലും ഗത്ശമനയിലും തുടർന്നും വ്യഥയിൽ അവൻ വിയർക്കുകയായിരുന്നു. ക്രിസ്തുവിന്റെ പങ്കപാടുകളെ മറയ്ക്കുന്നതാണ് പിന്മാറ്റത്തിനുള്ള മുഖ്യകാരണം. മുട്ടിയിട്ടും അവൾ തുറക്കാതായപ്പോൾ മൂറും മൂറിൻ തൈലവും തഴുതുപടികളിൽ വെച്ചിട്ടു പോയി (ഉത്തമ. 5:5,6). പിന്നീട് എപ്പോൾ വാതിൽ തുറന്നാലും ലഭിക്കുന്ന ഗന്ധം മൂറിന്റെതാണ്. ക്രിസ്തുവിന്റെ ക്രൂശിനെ ധ്യാനിച്ചു കൊണ്ടുള്ള ജീവിതത്തിൽ പിന്മാറ്റം ഉണ്ടാകയില്ല. പിന്മാറിപോയ ഒരുവൻ തിരിച്ച് വരുന്നതിന്റെ അടിസ്ഥാനവും നിലനില്ക്കുന്നതിന്റെ അടിസ്ഥാനവും ക്രൂശിനെക്കുറിച്ചുള്ള ചിന്തകൾ ആയിരിക്കേണ്ടതാണ്. അല്ലാതുള്ള മടങ്ങിവരവുകൾ കേവലം നാടകം മാത്രമായിരിക്കും.

**9.** മനുഷ്യരുടെ ഇടയിൽ യേശുവിന് മൂന്നു തരത്തിലുള്ള സ്വീകരണം ലഭിച്ചതായി സുവിശേഷങ്ങളിൽ കാണാം. 1. ലൂക്കോ 7:44 ചിലർ അവനെ ഭവനത്തിൽ സ്വീകരിച്ചു, ഹൃദയത്തിൽ സ്വീകരിച്ചില്ല. പരീശനായ ശിമോൻ ചെയ്തത് അതാണ്. അവൻ അവന് ചുംബനമൊ കാലിന് വെള്ളമൊ കൊടുത്തില്ല. 2. ചിലർ അവനെ ഹൃദയത്തിൽ സ്വീകരിച്ചു, ഭവനത്തിൽ സ്വീകരിച്ചില്ല (മത്താ. 8:8). ശതാധിപൻ അങ്ങനെ ചെയ്തു. 3. ചിലർ അവനെ ഹൃദയത്തിലും ഭവനത്തിലും സ്വീകരിച്ചു. ഉദാ. സക്കായി, ലാസറും സഹോദരിമാരും. നമ്മുടെ ഹൃദയവും ഭവനവും ഒരുപോലെ ക്രിസ്തുവിനായി തുറന്നു കൊടുക്കാൻ കഴിയണം. പലഭവനങ്ങളിലും വർഷങ്ങളായിട്ട് സ്വാഗതം ഉണ്ടെങ്കിലും ക്രിസ്തുവിനായി അവരുടെ ഹൃദയം തുറന്നുകൊടുത്തിട്ടില്ല. ഹൃദയം തുറന്ന പലർക്കും അവരുടെ ഭവനങ്ങളിൽ മറ്റുള്ളവരെ സ്വീകരിക്കുന്നതിൽ വലിയ താത്പര്യം ഇല്ല. ഇതു രണ്ടും ഒരുപോലെ ചെയ്യുന്നവരും ഉണ്ട്.

**10.** ലൂക്കോസിന്റെ സുവിശേഷത്തിൽ യേശുക്രിസ്തു വാതില്ക്കൽ നിന്നു മുട്ടുന്നതിന്റെ മറ്റൊരു ചിത്രം കാണാം (ലൂക്കോ. 12:35-40). വാക്യം 36-ൽ "അവൻ കല്യാണത്തിന് പോയി വന്ന് മുട്ടിയാൽ" എന്നു കാണുന്നു. അന്ന് യിസ്രായേലിനോട് പറയുന്നത്, "നിങ്ങളുടെ അരകെട്ടിയും വിളക്ക് കത്തിയും കൊണ്ടിരിക്കട്ടെ" (35) "നിനയാത്ത നാഴികയിൽ മനുഷ്യപുത്രൻ വരുന്നതു കൊണ്ട് നിങ്ങളും ഒരുങ്ങിയിരിപ്പിൻ." നമ്മളോടുള്ള ബന്ധത്തിലും ക്രിസ്തുവിനെ സ്വീകരിക്കുവാൻ തന്റെ രണ്ടാം വരവിനായി ഒരുക്കമുള്ള വരായിരിപ്പാൻ അവൻ നമ്മെ മുട്ടിവിളിക്കുന്നുണ്ട്. ക്രിസ്തുവിന്റെ വരവ് വാതില്ക്കൽ ആയിരിക്കുന്നു. ലോകസംഭവങ്ങൾ അത് നമ്മെ വിളിച്ചറിയിക്കുന്നു. ആത്മിക ഉറക്കത്തിൽ നിന്ന് ആലസ്യം വിട്ടുണരേണ്ട സമയമാണിത്.

11. ഞാനിതാ വാതില്ക്കൽ നിന്ന് മുട്ടുന്നു. മുട്ടുന്നവനാരാണ്? എന്താണ് അവന്റെ പ്രതാപം, അതറിയണമെങ്കിൽ സങ്കീർത്തനങ്ങൾ 24:7-10 വരെ വായിക്കണം. കതകുകൾ ഉയർന്നിരിപ്പാനുള്ള ഗർജന ശബ്ദത്തിലുള്ള ആഹ്വാനം ആണവിടെ. അകത്തേക്കു പ്രവേശിക്കാൻ കാത്തു നില്ക്കുന്നയാളുടെ ഗൗരവത്തിനനുസരിച്ചാണ് ശബ്ദകാഹളം. ആരാണ് അകത്തേക്ക് പ്രവേശിക്കാൻ വരുന്നത്? മഹത്വത്തിന്റെ രാജാവ്. ബലവാനും വീരനുമായ യഹോവ. യുദ്ധവീരനായ യഹോവ.

പ്രിയരേ, അധിക നേരം തട്ടിക്കൊണ്ട് പുറത്തുനില്ക്കാൻ അവനെ അനുവദിക്കുന്നത് നല്ലതിനല്ല. കാരണം സൈന്യങ്ങളുടെ അധിപനാണവൻ. ആയതിനാൽ വേഗത്തിൽ തുറക്കണം. ●

ചിന്ത

*റ്റി. വി. എസ്.*

# തക്കസമയത്ത് സഹായവുമായി വരുന്ന ദൈവം

ഓരോ ദിവസവും ദൈവം നമ്മെ നടത്തുന്ന വഴികളോർത്താൽ നാം അതിശയിച്ചു പോകും. നാം പ്രതീക്ഷിക്കാത്ത മാർഗ്ഗത്തിലൂടെയും പ്രതീക്ഷിക്കാത്ത സ്ഥാനങ്ങളിൽ നിന്നും ദൈവം തന്റെ മക്കൾക്കുള്ള സഹായം തക്കസമയത്ത് എത്തിക്കുമെന്ന് കഴിഞ്ഞ കാല ഭക്തന്മാരുടെ ജീവിത ചരിത്രത്തിലൂടെ നാം മനസ്സിലാക്കിയിട്ടുള്ളതാണ്. ഒരുപക്ഷെ സഹായം ലഭിക്കുന്നത് നാം പ്രതീക്ഷിച്ച സ്ഥാനങ്ങളിൽ നിന്ന് ആകണമെന്നില്ല. ഒരുപക്ഷെ ശത്രുവാണെന്നു നാം കരുതിയ വ്യക്തിയിൽ കൂടെ ആയിരിക്കാം അത്ഭുതകരമായ ക്രമീകരണങ്ങൾ ആരംഭിക്കുന്നത്. എന്നാൽ നമുക്ക് തീരെ പരിചയം ഇല്ലാത്ത വ്യക്തിയിൽ കൂടെയും അത് സംഭവിച്ചു എന്നു വരാം.

കുറെ വർഷങ്ങൾ മുമ്പ് സംയുക്ത കൺവൻഷനിൽ പ്രസംഗിക്കുവാൻ ഒരു ദൈവദാസൻ തന്റെ സ്ഥലത്തു നിന്ന് യാത്ര തുടങ്ങി. ഏകദേശം 4 മണിക്കൂർ ബസ്സിൽ യാത്ര ചെയ്താൽ കൺവൻഷൻ സ്ഥലത്ത് എത്തിച്ചേരുവാൻ കഴിയും. താൻ പലപ്പോഴും അവിടെ പോയതിനാൽ യാത്ര വളരെ പ്രയാസമായി തോന്നിയില്ല. എന്നാൽ യാത്ര പകുതി കഴിഞ്ഞതോടെ ആരും ഇല്ലാത്ത ഒരു സ്ഥലത്ത് വെച്ച് സഞ്ചരിച്ചിരുന്ന വാഹനം തകരാറിലായി. വണ്ടിയിൽ നിന്ന് ഇറങ്ങി ആളുകൾ അടുത്ത വണ്ടിക്കായി കാത്തു നിന്നു. കടന്നു വന്ന ഓരോ വാഹനങ്ങളും നിറുത്താതെ പോയി. താൻ വല്ലാതെ വിഷമിച്ചു. ഒരു ടാക്സി ലഭിക്കണമെങ്കിൽ പോലും അവിടെ വളരെ പ്രയാസമാണ്. സമയം 6 മണി കഴിഞ്ഞു. താൻ റോഡിൽ വളരെ വിഷണ്ണനായി നിൽക്കുകയാണ്. കൺവൻഷൻ സ്ഥലത്ത് നിന്ന് താൻ ഇപ്പോൾ വളരെ അകലെയാണ്. ഇന്നത്തെപ്പോലെ ഫോൺ സൗകര്യങ്ങൾ ഇല്ലാത്ത ഒരു കാലം. താൻ മനസ്സു നൊന്ത് ദൈവത്തോടു ഇങ്ങനെ പറഞ്ഞു: "ദൈവമെ അങ്ങ് അത്ഭുതം പ്രവർത്തിക്കുന്ന ദൈവമാണല്ലോ. ഇപ്പോൾ അങ്ങ് അത്ഭുതം പ്രവർത്തിച്ചാൽ മാത്രമെ എനിക്ക് തക്കസമയത്ത് യോഗസ്ഥലത്ത് എത്തുവാൻ കഴികയുള്ളു. ഇത് പറഞ്ഞ് ആൾക്കൂട്ടത്തിൽ നിന്ന് താൻ അല്പം മുന്നോട്ടു നടന്നു. കാടിന്റെ മധ്യത്തിൽ താൻ ഏകനായി നിന്നു. അവിടെ നിന്ന് പല വാഹനങ്ങൾക്കു കൈ കാണിച്ചു അവർ ആരും നിറുത്തിയില്ല.

തന്റെ ആശ മിക്കവാറും അസ്തമിക്കാൻ തുടങ്ങി. താൻ മുന്നെ കൈകാട്ടി നിറുത്താതെ പോയ ഒരു കാർ പെട്ടെന്ന് തിരികെ വന്ന് തന്റെ മുന്നിൽ നിറുത്തി. അദ്ദേഹം തന്റെ പഴയ ഒരു സ്നേഹിതനായിരുന്നു. ഈ സമയത്ത് അദ്ദേഹത്തെ കണ്ടപ്പോൾ തനിക്ക് വലിയ സന്തോഷം തോന്നി. തനിക്കു ചെന്നു ചേരേണ്ട സ്ഥലത്തിന് തൊട്ടടുത്തുള്ള ഒരു പ്രദേശത്താണ് അദ്ദേഹത്തിനും എത്തേണ്ടത്. തന്നെ കയറ്റിയതിനു ശേഷം അല്പം വേഗത്തിൽ വാഹനം ഓടിച്ച് ലക്ഷ്യസ്ഥാനത്തു തന്നെ എത്തിച്ചു. കാറിൽ നിന്ന് താൻ ഇറങ്ങിയപ്പോൾ പ്രാരംഭ പ്രാർത്ഥന നടന്നു കൊണ്ടിരിക്കുന്നു. സമയം ഏകദേശം 6.55. പ്രാർത്ഥന കഴിഞ്ഞപ്പോൾ പ്രസംഗത്തിനു തയ്യാറായി താൻ സ്റ്റേജിൽ എത്തി. പ്രാർത്ഥനയും പാട്ടും കഴിഞ്ഞു. കൃത്യം 7.05- ന് പ്രസംഗം തുടങ്ങാൻ ദൈവം സഹായിച്ചു. തന്നെ കാണാതിരുന്നതിനാൽ സംഘാടകർക്ക് അല്പമല്ലാത്ത പ്രയാസം തോന്നി. എങ്കിലും വലിയവനായ ദൈവം അത്ഭുതം പ്രവർത്തിച്ച് തന്റെ ശുശ്രൂഷയെ അനുഗ്രഹിച്ചു.

ദൈവമക്കളെ, ചില പ്രത്യേക സാഹചര്യത്തിൽ തന്റെ മക്കളെ സഹായിക്കുന്നതിന് ഏതു വ്യക്തിയേയും ദൈവം ഉപയോഗിച്ചു എന്നു വരാം. തന്നിൽ ആശ്രയിക്കുന്നവരെ കൈവെടിയുന്നവനല്ല നമ്മുടെ ദൈവം. ഏലിയാവിന്റെ ഭക്ഷണ ക്രമീകരണത്തിൽ യാതൊരു പ്രതീക്ഷയ്ക്കും വകയില്ലാത്ത ഒരു കാക്കയെ കൊണ്ടാണു കാര്യം നടത്തിയത്. പിന്നേയും തന്നെ ക്ഷേമമായി പോറ്റുന്നതിന് മരണത്തെ മുന്നിൽ കണ്ടു കൊണ്ടിരിക്കുന്ന സാധുവായ ഒരു വിധവയെ ആണ് നിയോഗിച്ചത്. നമ്മെ ദൈവം നടത്തുന്ന വഴികളെ ഓർത്തു നോക്കിയാൽ പ്രസംഗകന്റെ ഹൃദയത്തിൽ നിന്ന് ഉയർന്നു വന്ന നന്ദിയേക്കാൾ എത്ര അധികം നന്ദി നാം പറയേണ്ടവരാണ്. അദ്ദേഹത്തിന് ഉണ്ടായ അനുഭവം ഒരു ദിവസം മാത്രമാണ്. എന്നാൽ നമ്മെ നാൾ തോറും അത്ഭുതമായി ദൈവം നടത്തുന്നു. ഹൃദയം നുറുങ്ങി പ്രാർത്ഥിക്കുമ്പോൾ പ്രതികൂലങ്ങളെ അനുകൂലമാക്കി മാറ്റുന്നവനാണ് നമ്മുടെ ദൈവം. നമ്മുടെ ദൈവത്തെ പോൽ മറ്റൊരു ദൈവം ഉണ്ടോ? ഈ ദൈവം എന്നുമെന്നേയ്ക്കും നമ്മുടെ ദൈവം ആകുന്നു. അവനിൽ തന്നെ നമുക്കും ആശ്രയിക്കാം. ●

## പ്രതിമാസ പ്രാർത്ഥനായോഗം

**പത്തനംതിട്ട:** സ്ഥലം സഭകളുടെ ഏകോപിച്ചുള്ള ഈ മാസത്തെ പ്രാർത്ഥനായോഗം മണ്ണാറക്കുളഞ്ഞി ബ്രദറൺ സഭാ ഹാളിൽ 31-08-2013 ശനിയാഴ്ച രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 1 മണി വരെ. പ്രസ്തുത യോഗത്തിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുകയും പങ്കെടുക്കുകയും ചെയ്യുക.

എ.എം. തോമസ് മൈലപ്രാ (9946188372)

**SUVISESHA DHWANI**
Fortnightly
Vol. 36 Issue 49
Annual Subscription
India Rs. 100
USA/Canada US$ 50
Envelope Postage
Rs. 1500

**Please send news and articles to:**
Chief Editor
**Samuel Thomas**
Choonattu House
Cheppad P.O.,
Alappuzha Dist.,
Kerala - 690 507
Tel. 0479 - 2476677
Mob : 9495162788

Associate Editors:
**V. S. Mathew & Jose Philip**

Send your drafts & money order to :
Managing Editor
**P.S. Ninan**
Thondiyath puthenveedu,
Kallissery P.O.,
Alappuzha - 689 124
Tel. 0479 - 2427371
\Mob. 9446004619

Circulation Manager:
**John Thomas**
Vazhuvelil House
Pandanadu North P.O.,
Kallissery - 689 124
Mob: 9446918942

Please send DD/Cheque drawn in favour of :
Suvisesha Dhwani

E-mail :
suviseshadhwani2011@gmail.com

**17.08.2013**

REGISTERED
*Reg. No. RN 29475/78*
Postal Reg. No. KL / MVK / 188 / 2011-13
Licence No. KL/CR/MVK/WPP-04/2011-13
Licensed to Post Without Prepayment

*If not delivered, please return to :*
Managing Editor,
SUVISESHA DHWANI,
Thondiyath puthenveedu, Kallissery P.O.,
Alappuzha - 689 124,
Kerala, India.

Printed & Published by Samuel Thomas, Choonattu House, Cheppad P.O., Alappuzha District on behalf of Y.M.E.F. at Puthethu Offset Printers, Kallissery, Design: D'Club, Kallissery.